# കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ്

## (THE FIRST JUMA MASJID IN INDIAN SUB CONTINENT)



# മഹല്ല് പൊതുയോഗം 2016

**2016 മെയ് 14 ശനിയാഴ്ച രാവിലെ 9 മണിക്ക്, ചേരമാൻ ഓർഫനേജ് ഹാളിൽ**

## നോട്ടീസ്

മാന്യരെ, السّلام عليكم

കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ് മഹല്ലിന്റെ തെരഞ്ഞെടുപ്പ് പൊതുയോഗം 14.05.2016 ശനിയാഴ്ച രാവിലെ 9 മണിക്ക് ചേരമാൻ ഓർഫനേജ് ഹാളിൽ വെച്ച് കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. താങ്കളും കുടുംബത്തിലെ പ്രായപൂർത്തിയായ പുരുഷമെമ്പർമാരും യോഗത്തിൽ പങ്കെടുക്കുവാൻ താൽപര്യപ്പെടുന്നു.

പൊതുയോഗത്തിന് വരുമ്പോൾ ചർച്ചകൾക്കായി ഈ റിപ്പോർട്ട് കൊണ്ടുവരേണ്ടതാണ്. പൊതുയോഗനോട്ടീസ് മസ്ജിദിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

എന്ന്,

**എസ്.എ. അബ്ദുൽ കയ്യൂം (ഒപ്പ്)**

സെക്രട്ടറി, ചേരമാൻ മഹല്ല് ഭരണസമിതി

25-04-2016
കൊടുങ്ങല്ലൂർ

Website : www.cheramanmosque.com | www.cheramanjumamasjid.com
E-mail : cheramanmasjid@gmail.com
Phone: 0480 - 280 3170, +91 82 89 84 3170

# മഹല്ല് ഭരണസമിതി 2014–2016

പ്രസിഡന്റ്



ഡോ. പി.എ. മുഹമ്മദ് സഊദ്

വൈ: പ്രസിഡന്റ്



യു.എ. സെയ്തു മുഹമ്മദ്

സെക്രട്ടറി



എസ്.എ. അബ്ദുൽ കയ്യൂം

ജോ. സെക്രട്ടറി



പി.എസ്. മുഹമ്മദ് റഷീദ്

ട്രഷറർ



എ.കെ.കെ. നയന(മുത്തു)

# കമ്മറ്റി അംഗങ്ങൾ



കെ.എ. അമീർ അലി



എ.എ. യൂസുഫ്



കെ.എ. അബ്ദുൽ കരീം



കെ.എം. അബ്ദുൽ റഹിമാൻ



കെ.പി. അഷ്റഫ്



സി.കെ. അബ്ദുൽ കലാം



പി.എം. അബ്ബാസ്



കെ.വൈ. അക്ബർ



എ.എ. അലി



എ.കെ. നവാസ്

ഓഡിറ്റേഴ്സ്



എൻ.എ. അലി



സി.എ. അബ്ദുൽ റഷീദ്

റിട്ടേണിംഗ് ഓഫീസർ



സി.വൈ. സലിം

അസിസ്റ്റന്റ്
റിട്ടേണിംഗ് ഓഫീസർ



നവാസ് പടുവിങ്ങൽ

# മഹല്ല് പൊതുയോഗം - 2016

**2016 മെയ് 14 ശനിയാഴ്ച**

## കാര്യപരിപാടി

1. പ്രാർത്ഥന
2. സ്വാഗതം
3. മുക്രിക്കയുടെ മരണത്തിലുള്ള അനുശോചനം രേഖപ്പെടുത്തൽ
4. ഉപക്രമം
5. 2015-2016 വർഷത്തെ വിദ്യാഭ്യാസ അവാർഡ് വിതരണം.
6. 14.06.2015 ൽ കൂടിയ മഹല്ല് പൊതുയോഗത്തിന്റെ മിനിറ്റ്സ് വായിച്ച് അംഗീകരിക്കൽ.
7. പ്രവർത്തന റിപ്പോർട്ട്, ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്ക് (2015-2016) അവതരിപ്പിച്ച് പാസാക്കൽ.
8. ചോദ്യങ്ങൾ - പ്രമേയങ്ങൾ.
9. 2016-2017 ലേക്കുള്ള ബഡ്ജറ്റ് അവതരിപ്പിക്കൽ.
10. കാവിൽകടവ് നമസ്കാര പള്ളി ഏറ്റെടുക്കൽ.
11. 2016-2018 വർഷത്തേക്കുള്ള മഹല്ല് ഭരണസമിതിയെ തെരഞ്ഞെടുക്കൽ.
12. അദ്ധ്യക്ഷൻ അനുവദിക്കുന്ന കാര്യങ്ങൾ.
13. ഉപസംഹാരം.
14. നന്ദി.

**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി

**ചോദ്യങ്ങൾ പ്രമേയങ്ങൾ തുടങ്ങിയവ 10.05.2016 -ന് വൈകീട്ട് 5 മണിക്ക് മുമ്പായി ഓഫീസിൽ നൽകേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷമുള്ള ചോദ്യങ്ങളും പ്രമേയങ്ങളും സ്വീകാര്യമല്ല.**

---

**കണക്കുകൾ സംബന്ധിച്ച ചോദ്യങ്ങൾ മുൻകൂട്ടി എഴുതി സമർപ്പിച്ചാൽ മാത്രമെ മറുപടി തയ്യാറാക്കി നൽകാൻ കഴിയുകയുള്ളു.**

## മഹല്ല് ഭരണസമിതി തെരഞ്ഞെടുപ്പ് സംബന്ധിച്ച അറിയിപ്പ്

2016-2018 കാലയളവിലെ മഹല്ല് ഭരണസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ആഗ്രഹിക്കുന്ന മഹല്ല് അംഗങ്ങൾ ഭരണഘടന 4 : 2 പ്രകാരം നാമനിർദ്ദേശപത്രിക ഓഫീസിൽ നിന്നും വാങ്ങി യഥാവിധി പൂരിപ്പിച്ച് മഹല്ല് പൊതുയോഗത്തിൽ വരണാധികാരി വശം നൽകേണ്ടതാണ്. നാമനിർദ്ദേശപത്രിക 11-05-2016 ബുധനാഴ്ച വൈകീട്ട് 5 മണിക്ക് മുമ്പായി വാങ്ങിയിരിക്കേണ്ടതാണ്. അതിന് ശേഷം പത്രിക വിതരണം ഉണ്ടായിരിക്കുന്നതല്ല.

എന്ന്,

സഹവരണാധികാരി
**ജനാബ് നവാസ് പടുവിങ്ങൽ (ഒപ്പ്)**

മുഖ്യ വരണാധികാരി
**ജനാബ് സി.വൈ. സലീം (ഒപ്പ്)**

# പ്രവർത്തന റിപ്പോർട്ട് 2015–2016

പ്രിയപ്പെട്ടവരെ, അസ്സലാമുഅലൈക്കും

പ്രവർത്തന വൈവിധ്യങ്ങൾ നിറഞ്ഞ ഒരു പരിപാലന കാലാവധി കൂടി പിന്നിടുകയാണ്. ചേരമാൻ ജുമാ മസ്ജിദ് മഹല്ല് അതിന്റെ കാലികമായ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് സാമൂഹ്യ പ്രതിബദ്ധതയോടെ പ്രവർത്തിച്ച കാലയളവാണ് കടന്നുപോകുന്നത്. മഹല്ലിന്റെ ഭരണഘടന വിഭാവനം ചെയ്യുന്ന വിധം മഹല്ല് പരിപാലനത്തിന്റെ ജനകീയ സ്വഭാവം കൂടുതൽ ഊട്ടിയുറപ്പിക്കുന്നതിനും ഇതര മഹല്ലുകൾക്ക് മാതൃകയാവുന്നവിധം പ്രവർത്തിക്കാനും നമുക്കായിട്ടുണ്ട്. അഭിപ്രായ വ്യത്യാസങ്ങളും താല്പര്യങ്ങളും മഹല്ലിന്റെ സർവ്വതോന്മുഖമായ വികസനമെന്ന ആഗ്രഹത്തിന് മുന്നിൽ നാം മറക്കുന്നത് യാഥാർത്ഥ്യമാണ്. അത് തന്നെയാണ് ഈ മഹല്ലിന്റെ മഹാഭാഗ്യവും. വിഭാഗീയതകൾക്കിടമില്ലാത്ത വിധം വിശാലമായ ഒരു കാഴ്ചപ്പാട് ശീലമാക്കാൻ നമ്മുടെ മഹല്ല് പഠിച്ചുകഴിഞ്ഞു. ചുറ്റുപാടും നിന്ന് കേൾക്കുന്ന വിഭാഗീയ പ്രസ്ഥാനങ്ങളും അവരുടെ സ്വാർത്ഥ താൽപര്യങ്ങളുടെ കറ പുരളാതിരിക്കാനും കാലങ്ങളായി മഹല്ല് കമ്മിറ്റികൾ ജാഗ്രതയോടെ പ്രവർത്തിച്ചുവരുന്നതിന്റെ ഫലം നാം അനുഭവിക്കുകയാണ്. മഹല്ല് അംഗങ്ങളുടെ സർവ്വതോൻമുഖമായ വളർച്ചയും മഹല്ലിന്റെ വികസനവും അടിസ്ഥാന പ്രമാണമായി അംഗീകരിച്ചാണ് മഹല്ല് കമ്മറ്റി അതിന്റെ നയങ്ങളും, നിയമനങ്ങളും നടപ്പിലാക്കിയിട്ടുള്ളത്. അതിൽ എത്രത്തോളം വിജയം ഉണ്ടായിട്ടുണ്ട് എന്ന് നാം പരിശോധിക്കപ്പെടേണ്ടതും ആവശ്യമായ തിരുത്തലുകളും നിർദ്ദേശങ്ങളും നൽകേണ്ടതുണ്ടെങ്കിൽ അതിനുള്ള ചർച്ചകൾ നടക്കേണ്ടതുണ്ട്. കഴിഞ്ഞ 20 വർഷങ്ങളായി ഒരിക്കൽപോലും മാറ്റിവെക്കാതെ കൃത്യമായി നമ്മുടെ പൊതുയോഗങ്ങളും തെരഞ്ഞെടുപ്പുകളും നടത്തി വരുന്നത് മറ്റു സ്ഥാപനങ്ങൾക്ക് മാതൃകയാണ്. പക്വതയാർന്ന ഒരു സമൂഹമായി നാം മാറി എന്നതിന്റെ തെളിവായി നമുക്കിതിനെ വിലയിരുത്താവുന്നതാണ്. എന്നാൽ മറ്റ് സ്ഥാപനങ്ങളും മഹല്ലുകളും കൈവരിച്ച പുരോഗതി നമുക്കുണ്ടായിട്ടുണ്ടോ എന്നും നാം ആത്മ പരിശോധന നടത്തേണ്ടിയിരിക്കുന്നു.

2014ൽ ബാലറ്റിലൂടെയുള്ള ഒരു തെരഞ്ഞെടുപ്പിലൂടെയാണ് ഈ കമ്മിറ്റി നിലവിൽ വന്നത്. ഒരു തെരഞ്ഞെടുപ്പിന്റെ ചൂടും ചൂരും മഹല്ല് പരിപാലനത്തിന്റെ താളം തെറ്റിക്കാതിരിക്കാൻ 15 അംഗങ്ങളും ഒരു മനസ്സോടെ പ്രവർത്തിച്ചതിന്റെ ആകെ തുകയാണ് കഴിഞ്ഞ 2 വർഷത്തെ മഹല്ലിന്റെ പ്രവർത്തനങ്ങൾ. വ്യത്യസ്തമായ അഭിപ്രായങ്ങൾ മഹല്ല് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ തടസ്സമായിട്ടില്ല. മഹല്ലിന് വേണ്ടി അഭിപ്രായ സമന്വയം ഉണ്ടാക്കാൻ ഓരോ കമ്മിറ്റി അംഗവും ശ്രമിച്ചതിന്റെ ഫലമാണ് ഈ കമ്മിറ്റിയുടെ വിജയം. വരുംകാല കമ്മിറ്റികൾക്കും ഈ കെട്ടുറപ്പും ഇഴയടുപ്പവും മാതൃകയാകണം. ഐക്യകണ്ഠേനയല്ലാത്ത ഒരു തീരുമാനം പോലും ഈ കാലയളവിൽ ഉണ്ടായിട്ടില്ല എന്നത് ഈ ആത്മബന്ധത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നു. ഈ മഹല്ലിനുള്ള വിജയങ്ങളും വളർച്ചകളും സമ്മാനിച്ചത് സർവ്വശക്തന്റെ അപാരമായ കൃപയാലാണ്. ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശകമായി, കാവലാളായി നിന്ന നാഥന്റെ അപാരമായ അനുഗ്രഹത്തിന് ഞങ്ങൾ നന്ദി പറയുന്നു.

റിപ്പോർട്ട് കാലയളവിൽ 26 മഹല്ല് കമ്മിറ്റി യോഗങ്ങളും 2 എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളുമാണ് നടന്നിട്ടുള്ളത്. 19 കമ്മിറ്റി യോഗങ്ങളിലും മുഴുവൻ അംഗങ്ങളും

ഹാജരായിട്ടുണ്ട്. മതിയായ കാരണങ്ങളില്ലാതെ അംഗങ്ങൾക്ക് കമ്മറ്റിയിൽ നിന്ന് അവധി അനുവദിക്കാറില്ല. ഓരോ പ്രദേശങ്ങളിലും നിന്നുള്ള അപേക്ഷകളിൽ അതാതു ഭാഗത്തെ കമ്മറ്റി അംഗത്തിന്റെയും, സദർ മുഅല്ലിമിന്റെയും അന്വേഷണ റിപ്പോർട്ടുകൾ വഴിയല്ലാതെ കമ്മറ്റി പരിഗണിക്കാറില്ല. കൂടാതെ ഓരോ പ്രദേശത്തെയും മദ്രസകളിലും നമസ്കാര പള്ളികളിലും കമ്മറ്റി അംഗങ്ങൾക്ക് ചുമതലകൾ നൽകിയിട്ടുണ്ട്. മദ്രസ്സകളുടെയും പള്ളി കളുടെയും ആവശ്യങ്ങൾ യഥാസമയം മനസ്സിലാക്കി കമ്മറ്റിയിൽ ചർച്ച ചെയ്തു പരിഹരി ക്കുന്നതിന് കമ്മറ്റി ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

മഹല്ല് കമ്മിറ്റിയുടെ പ്രവർത്തനങ്ങളുടെ ചാലകശക്തിയായി മഹല്ലിലെ അഡ്വൈ സറി കമ്മറ്റി പ്രവർത്തിച്ച് വരുന്നതും ഈ കാലയളവിലെ പ്രത്യേകതയാണ്. കമ്മിറ്റിയ്ക്ക് ആവശ്യമായ പല ഉപദേശങ്ങളും സഹായങ്ങളും ചെയ്യുന്നതിന് മഹല്ല് കമ്മറ്റിയുടെ പ്രവർത്ത നങ്ങൾക്ക് കൂടുതൽ വിശാലതയും ജനകീയതയും നൽകുന്നതിന് അഡ്വൈസറി കമ്മറ്റി കൾ വഹിച്ച പങ്ക് നിസ്തുലമാണ്. നബിദിനാഘോഷം പോലുള്ള പരിപാടികൾ നടത്തു ന്നതിന്റെ മുഴുവൻ ചുമതലകളും അഡ്വൈസറി കമ്മറ്റികളെ ഏൽപ്പിച്ചു നൽകിയതും ഏറ്റെ ടുത്ത ഉത്തരവാദിത്വങ്ങൾ പൂർണ്ണമായും വിജയിപ്പിക്കുകയും ചെയ്തു. അഡ്വൈസറി കമ്മറ്റി അംഗങ്ങൾ തന്നെയാണ് വുളുഹിയത്ത്, ഫിത്വർ സക്കാത്ത്, സക്കാത്ത് വിതരണങ്ങളുടെ ചുമതലകളും നിർവ്വഹിക്കുന്നതിന് കമ്മറ്റിയെ സഹായിച്ചതും. അങ്ങിനെ മഹല്ലിന്റെ പ്രവർത്തനങ്ങളിൽ ഒരു നവചൈതന്യം ഉണ്ടാകുന്നതിനും കുറ്റമറ്റ രീതിയിൽ പ്രവർത്തന ങ്ങളെ ഏകോപിപ്പിക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്ത മായൊരു കൂട്ടായ്മ നമ്മുടെ മഹല്ലിൽ വേരുറക്കുന്നതിന്റെ വ്യക്തമായ ഉദാഹരണമാണ് മഹല്ല് അഡ്വൈസറി കമ്മിറ്റി. റിപ്പോർട്ട് കാലയളവിൽ 7 അഡ്വൈസറി കമ്മറ്റികളുടെ സംയുക്ത യോഗങ്ങൾ മഹല്ല് കമ്മറ്റി വിളിച്ച് ചേർത്തിട്ടുണ്ട്. ചർച്ചകൾ കൊണ്ടും വിമർശ നങ്ങൾ കൊണ്ടും ഈ വേദി സജീവമാണ്.

മഹല്ല് ജീവനക്കാരുടെ കൂട്ടായ്മയും ഈ കമ്മിറ്റിയുടെ പ്രവർത്തനങ്ങളെ വേറിട്ടതാ ക്കിയിട്ടുണ്ട്. നമ്മുടെ സ്ഥാപനങ്ങളുടെ ദൈനംദിന കാര്യങ്ങൾ, ആവശ്യങ്ങൾ, നിർദ്ദേശ ങ്ങൾ, പോരായ്മകൾ എല്ലാം മഹല്ല് കമ്മറ്റിയുമായി ചർച്ച ചെയ്യുന്നതിന് പ്രതിമാസ സ്റ്റാഫ് യോഗങ്ങൾ വേദിയാകുന്നു. പ്രവർത്തി വർഷത്തിൽ 12 സ്റ്റാഫ് യോഗങ്ങൾ കൂടിയിട്ടുള്ളതും മഹല്ല് കമ്മറ്റിയും ജീവനക്കാരും തമ്മിലുള്ള ബന്ധം ഊഷ്മളമാകുന്നതിനുള്ള എല്ലാ കരു തലുകളും ചെയ്തു വരുന്നുമുണ്ട്. മഹല്ലിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ജീവനക്കാരുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. ജീവനക്കാരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ശമ്പളത്തിൽ മാന്യമായ പരിഷ്ക രണം കമ്മറ്റി നൽകിയിട്ടുമുണ്ട്. മറ്റ് മഹല്ലുകളിൽ നിന്നും വ്യത്യസ്തമായി ജീവനക്കാ രുടെ കൊഴിഞ്ഞ് പോകൽ നമ്മുടെ മഹല്ലിൽ വളരെ കുറവാണ് എന്നത് മഹല്ലുമായുള്ള ജീവനക്കാരുടെ മാനസികമായ അടുപ്പമാണെന്ന് കമ്മറ്റി വിലയിരുത്തുന്നത്.

വികസനത്തിനാവശ്യമായ നിലമൊരുക്കാനേ കമ്മറ്റിക്ക് കഴിഞ്ഞിട്ടുള്ളു എന്ന യാഥാർത്ഥ്യം ഞങ്ങൾ മനസ്സിലാക്കുന്നു. വരുംകാല ഭരണസമിതികൾ അതിന്റെ ഗുണം മഹല്ലിന് ലഭിക്കാവുന്ന വിധം പദ്ധതികൾ ആസൂത്രണം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

## സമൂഹവിവാഹം

2001 ൽ ആരംഭിച്ച മഹല്ലിന്റെ സമൂഹ വിവാഹ പദ്ധതിയുടെ ഭാഗമായി ഈവർഷം 7 പെൺകുട്ടികളുടെ വിവാഹം കമ്മറ്റി നടത്തിയിട്ടുണ്ട്. കഴിഞ്ഞ 16 വർഷമായി തുടർന്ന്

വരുന്ന സമൂഹവിവാഹ പദ്ധതി ഇതര സ്ഥാപനങ്ങളെയും പ്രസ്ഥാനങ്ങളെയും അപേക്ഷിച്ച് വേറിട്ട് തന്നെ നിൽക്കുന്നു. സമൂഹവിവാഹം എന്നത് പല സംഘടനകളും ഒന്നോ രണ്ടോ പ്രാവശ്യം മാത്രം നടത്തി അവസാനിപ്പിക്കുന്നു. ചേരമാൻ മഹല്ലിന്റെ സമൂഹ വിവാഹ പദ്ധതി തുടർച്ചയായി നടന്ന് വരുന്നു. ഇപ്പോഴാണെങ്കിൽ ആവശ്യമായ ഫണ്ടും നമുക്ക് ലഭിക്കുന്നുണ്ട്. സമൂഹ വിവാഹ ഫണ്ടിൽ നിന്നും മഹല്ലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഈ സാമ്പത്തിക വർഷം 10,00,000 രൂപ വായ്പയെടുത്തിട്ടുണ്ട്. കൂടാതെ വിവാഹ സെസായി ഈ വർഷം പിരിച്ചെടുത്ത 1,79,500 രൂപയും മഹല്ലിന്റെ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തിയിട്ടുണ്ട്. 2016-2017 സാമ്പത്തിക വർഷത്തിൽ ടി സംഖ്യ സമൂഹവിവാഹ ഫണ്ടിലേക്ക് മടക്കി നൽകേണ്ടതുണ്ട്. സമൂഹ വിവാഹപദ്ധതി അതിന്റെ ഉദ്ദേശശുദ്ധി പോലെ തന്നെ വീഴ്ചകളില്ലാതെ കമ്മറ്റി നടത്തിയിട്ടുണ്ടെന്നാണ് വിശ്വസിക്കുന്നത്. കമ്മറ്റി അംഗങ്ങളുടെ റിപ്പോർട്ടും അഡ്വൈസറി കമ്മറ്റി ശുപാർശകളും പരിഗണിച്ചാണ് ഇക്കാര്യത്തിൽ കമ്മറ്റി തീരുമാനമെടുക്കുന്നത്. അഡ്വൈസറി കമ്മറ്റികളുടെ നിർദ്ദേശപ്രകാരം കഴിഞ്ഞ വർഷം തന്നെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഭേദഗതി ചെയ്തിട്ടുമുണ്ട്.

7 പെൺകുട്ടികളുടെ വിവാഹം നാം നടത്തികൊടുത്തതിന് പുറമെ അപേക്ഷകരായ 2 പെൺകുട്ടികൾക്കുള്ള വിവാഹാഭരണങ്ങളും നമ്മുടെ മഹല്ല് അംഗമായ സഹോദരങ്ങൾ നൽകിയിട്ടുള്ള വിവരവും ശ്രദ്ധയിൽപ്പെടുത്തുന്നു. കൂടാതെ വിവാഹ സെസ്സായി മാന്യമായ സംഖ്യയും മഹല്ല് അംഗങ്ങളിൽ നിന്നും ഈ റിപ്പോർട്ട് വർഷം സ്വരൂപിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ കൂടുതൽ വിപുലമായി നടത്തുന്നതിനുള്ള സാഹചര്യം ഒരുക്കാൻ പുതിയ കമ്മറ്റികൾക്കാകട്ടെ എന്ന് ദുആ ചെയ്യുന്നു. സമൂഹവിവാഹത്തിന് പ്രത്യേക ഫണ്ട് സ്വരൂപിക്കുന്നത് പോലെ മഹല്ലിന്റെ ഇതര ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള ഫണ്ടും പുറമെ നിന്ന് കണ്ടെത്താനുള്ള ചർച്ചകൾ നാം നടത്തേണ്ടിയിരിക്കുന്നു. സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന വിവാഹമെന്ന സ്വപ്നം പണമില്ലാത്തതിനാൽ പൂവണിയാതെ പോകുന്ന നിരവധി സഹോദരിമാർക്ക്, യത്തീമുകൾക്ക് മഹല്ലിന്റെ ഈ പദ്ധതി പുതിയ ജീവിതമാണ് തുറന്നുകൊടുത്തത്. അതിന് വേണ്ടി ശ്രമിച്ച, അതിൽ പങ്കാളികളായ എല്ലാവർക്കും നാഥൻ അർഹിക്കുന്ന പ്രതിഫലം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. മഹല്ലിന്റെ സാമൂഹിക പ്രതിബദ്ധത വെളിവാക്കുന്ന ഈ പദ്ധതി നിലനിർത്തികൊണ്ടു പോകുവാൻ നാഥൻ തുണക്കട്ടെ.

## സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത്

മഹല്ലിന്റെ സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത് എന്നിവയുടെ ശേഖരണത്തിലും വിതരണത്തിലും കൃത്യതയും വ്യക്തതയും ഉണ്ടാക്കുവാൻ കഴിഞ്ഞു എന്നതും കഴിഞ്ഞ രണ്ട് വർഷത്തെ നേട്ടമാണ്. സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത് എന്നിവയുടെ ശേഖരണം മഹല്ല് കമ്മറ്റി ഓഫീസിൽ എത്തിക്കുന്ന ശീലം കഴിഞ്ഞ കുറെ വർഷങ്ങളായി നിലവിലുണ്ടായിരുന്നതാണ്. എന്നാൽ അതിന്റെ വിതരണം എന്നും മഹല്ല് കമ്മറ്റികളെ സംബന്ധിച്ച് പ്രതിസന്ധികൾ ഉണ്ടാകുന്നതായിരുന്നു. വുളുഹിയത്ത് വിതരണം കഴിഞ്ഞ സാമ്പത്തിക വർഷം കുറ്റമറ്റതാക്കാൻ കഴിഞ്ഞതിലുള്ള ആത്മവിശ്വാസത്തിൽ നിന്നാണ് ഫിത്വർ സക്കാത്ത് വിതരണത്തിലും മാറ്റം വരുത്തിയത്. ഇത് പ്രകാരം മഹല്ലിനുണ്ടായിരുന്ന പാഴ്ചെലവ് ഒഴിവാക്കാനും, അർഹരായവർക്ക് ഫിത്വർസക്കാത്തും വുളുഹിയത്തും നേരിൽ ലഭിച്ചു എന്ന് ബോധ്യപ്പെടാനും വിതരണത്തിലെ അപാകതകളും പരാതികളും ഇല്ലാതാക്കാനും കഴിഞ്ഞു എന്നത് നേട്ടമായിതന്നെ കാണേണ്ടതുണ്ട്. പുറമെ

നിന്ന് മാടുകളെ വാങ്ങുന്ന പതിവ് രീതിക്ക് പകരം നാട്ടിൽ നിന്ന് തന്നെ മൃഗങ്ങളെ വാങ്ങുന്നതിന് കമ്മറ്റി നിശ്ചിയിക്കുകയും ആയതിന് പ്രത്യേക ഉപസമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തു. സക്കാത്ത് നാളുകളായി നൽകി വരുന്ന സംഖ്യയിൽ വർദ്ധനവ് വരുത്തുകയും ബാലൻസ് വരുത്താതെ തന്നെ മുഴുവൻ സംഖ്യയും വിതരണം ചെയ്തിട്ടുമുണ്ട്. അഡ്വൈസറി കമ്മറ്റിയിൽ നിന്നും മഹല്ല് കമ്മറ്റിക്ക് വ്യക്തമായ ഉപദേശങ്ങൾ ഇക്കാര്യത്തിൽ ലഭിച്ചിട്ടുള്ളതും കഴിഞ്ഞ പൊതുയോഗം ഇക്കാര്യം സജീവമായി ചർച്ച ചെയ്തതും സ്മരണീയമാണ്.

ഫിത്വർ സക്കാത്ത് വിതരണത്തിലും വുളുഹിയത്തിന്റെ മുഴുവൻ കാര്യങ്ങളിലും അഡ്വൈസറി കമ്മറ്റികൾ നൽകിയ സഹായം വിലപ്പെട്ടതാണ്. ഇതര മഹല്ലുകളിലെ പോലെ മഹല്ലിന്റെ ആവശ്യം പൊതു ആവശ്യമായി അംഗീകരിച്ച് ഏറ്റെടുക്കുന്ന ഒരു സംസ്കാരം വളർന്ന് വരുന്നതിൽ ആഹ്ലാദമുണ്ട്.

## ക്ഷേമപ്രവർത്തനങ്ങൾ

മഹല്ല് ബഡ്ജറ്റ് വകയിരുത്തിയിട്ടുള്ള ക്ഷേമപ്രവർത്തനങ്ങൾക്കുള്ള ഫണ്ട് കമ്മറ്റി പൂർണ്ണമായും അത് അർഹിക്കുന്ന കരങ്ങളിലേക്ക് എത്തിച്ച് നൽകിയിട്ടുണ്ട്. ചികിത്സാ സഹായം ബഡ്ജറ്റ് പരിധിയിൽ കൂടുതൽ ചെലവഴിക്കേണ്ടി വന്നത് അർഹമായ അപേക്ഷകൾ ഒഴിവാക്കാൻ കഴിയാതിരുന്നതിനാലാണ്. അപേക്ഷകൾ കർശനമായ പരിശോധനകൾക്ക് ശേഷം മാത്രമേ കമ്മിറ്റി പരിഗണിക്കാറുള്ളു. അഡ്വൈസറി കമ്മറ്റികളുടെ യോഗതീരുമാന പ്രകാരം കമ്മറ്റി അംഗത്തിന്റെ റിപ്പോർട്ടിന് പുറമെ സദർ മുഅല്ലിമിന്റെ റിപ്പോർട്ട് കൂടി ധനസഹായ അപേക്ഷകളിൽ വാങ്ങാറുണ്ട്. ഇതര മഹല്ല് അംഗങ്ങൾക്കും സഹോദര സമുദായാംഗങ്ങൾക്കുമുള്ള ധനസഹായവും ബഡ്ജറ്റ് സംഖ്യയിൽ അധികമായതും ഒഴിവാക്കാനാകാത്ത അപേക്ഷകൾ വന്നതിനാലാണ്. സമൂഹവിവാഹത്തിനുള്ള ഫണ്ട് കണ്ടെത്തുന്നതുപോലെ ചികിത്സ പുരപണി, വിവാഹം, പെൻഷൻ തുടങ്ങിയ സഹായങ്ങൾക്കും മറ്റു ഫണ്ടുകൾ നാം കണ്ടെത്തേണ്ടിയിരിക്കുന്നു. പ്രത്യേകിച്ച് സാമ്പത്തിക ബുദ്ധിമുട്ടുകൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ചികിത്സ സഹായങ്ങൾക്കുള്ള അപേക്ഷകൾ വർദ്ധിച്ച് വരുന്ന സാഹചര്യം നിലവിലുണ്ട്. സർക്കാർ നിയന്ത്രണത്തിലുള്ള ആരോഗ്യ സുരക്ഷാ പദ്ധതികളിൽ നമ്മുടെ അംഗങ്ങൾ പങ്കാളികളാകുന്നതിൽ വിമുഖരാണ്. വളരെയധികം ചെലവ് വരുന്ന ചികിത്സക്കായി ഈ റിപ്പോർട്ട് വർഷം 7 രോഗികൾ മഹല്ല് കമ്മറ്റിക്ക് അപേക്ഷ നൽകിയിരുന്നു എന്നാൽ നമ്മുടെ പരിമിതിക്കുള്ളിൽ നിന്ന് മാത്രമേ ഇവരെ സഹായിക്കാൻ കഴിഞ്ഞുള്ളു എന്നത് നമ്മെ സംബന്ധിച്ച് പോരായ്മ തന്നെയാണ്. രണ്ട് രോഗികൾക്കായി വെള്ളിയാഴ്ച പിരിവ് നടത്തിയിരുന്നെങ്കിലും തുടർച്ചയായി ഈ പിരിവ് എടുക്കുന്നത് ഏറെ പ്രയാസങ്ങൾ സൃഷ്ടിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ ഏറെ നിയന്ത്രണങ്ങൾ പാലിക്കപ്പെടേണ്ടതുണ്ട്. കനത്ത ചികിത്സാ ചിലവുകൾ വരുന്ന മാരകമായ അസുഖം ബാധിച്ചവർക്ക് മാത്രം മഹല്ല് ചികിത്സാ ചെലവ് അനുവദിക്കുകയും ആയതിന് നൽകി വരുന്ന പരമാവധി സഹായത്തിന്റെ പരിധി വർദ്ധിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. മഹല്ല് പൊതുയോഗങ്ങളുടെ ശ്രദ്ധയിൽ ഇതിനു മുമ്പും ഇക്കാര്യം അവതരിപ്പിച്ചിട്ടുള്ളത് ഓർക്കുമല്ലോ. മഹല്ല് അംഗങ്ങളെ ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം സാങ്കേതിക കാരണങ്ങളാൽ നമുക്ക് നടപ്പാക്കാനായില്ല. ആധുനിക കാലത്ത് രോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവും ഭാരിച്ച ചികിത്സാ ചെലവുകളും നമുക്ക് നേരിടേണ്ടതുണ്ട്. ഗുണകരവും യുക്തവുമായ തീരുമാനമെടുക്കാൻ അല്ലാഹു പ്രാപ്തി തരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

ദീനി വിദ്യാഭ്യാസത്തിനും, ഭൗതിക വിദ്യാഭ്യാസത്തിനും ആവശ്യമായ പ്രോത്സാഹനങ്ങൾ പോയ സാമ്പത്തിക വർഷവും മഹല്ല് കമ്മിറ്റി ചെയ്തിട്ടുണ്ട്. പഠന പ്രോത്സാഹനാർത്ഥം +1 മുതലുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ ഗ്രാന്റ് എസ്.എസ്.എൽ.സി. വരെയുള്ള കുട്ടികൾക്ക് വർഷങ്ങളായി സൗജന്യ നോട്ട് പുസ്തകവും നൽകി വരുന്നുണ്ട്. മെഡിക്കൽ, എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് മഹല്ല് ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നുണ്ടെങ്കിലും ഓഡിറ്റ് പരാമർശം പോലെ അത് പരിമിതമാണ്. സാമ്പത്തികശേഷി ഇല്ലാത്ത കുടുംബങ്ങളിലെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ഫണ്ട് വർദ്ധിപ്പിച്ച് നൽകേണ്ടത് അനിവാര്യമാണെന്ന് കമ്മിറ്റിക്ക് അഭിപ്രായമുണ്ട്. കുട്ടികളുടെ തുടർപഠനത്തിനാവശ്യമായ കരിയർ ഗൈഡൻസ് കോഴ്സ്, മൊബൈൽ ദുരുപയോഗത്തെ കുറിച്ചുള്ള ബോധവൽക്കരണം തുടങ്ങിയവ ഉൾപ്പെടുത്തി ഏകദിന ക്യാമ്പ് ഈ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ നടത്തുകയുണ്ടായി. 150 ഓളം വിദ്യാർത്ഥികൾക്ക് ഉപകാരപ്പെട്ട ഈ ബോധവൽക്കരണ ക്ലാസ് നമ്മുടെ മഹല്ലിൽ ഇത്തരത്തിൽ ആദ്യത്തേതായിരുന്നു. രണ്ട് സെഷനുകളായി സംഘടിപ്പിക്കപ്പെട്ട ക്ലാസിൽ കുട്ടികൾക്ക് ഭക്ഷണമുൾപ്പെടെയുള്ള എല്ലാ സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിരുന്നു. പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്ന 14 കുട്ടികൾക്ക് ഈ വർഷം മഹല്ലിൽ നിന്ന് ധനസഹായം നൽകിയിട്ടുണ്ട്. ഇപ്പോൾ നൽകി വരുന്ന സഹായം വർദ്ധിപ്പിക്കുവാനുള്ള ചർച്ചകൾ പൊതുയോഗത്തിൽ നിന്നുമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

മദ്രസ്സകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചും ആവശ്യമായ സ്ഥലസൗകര്യങ്ങളൊരുക്കിയും മദ്രസ്സാപഠനത്തിന് എല്ലാ സൗകര്യങ്ങളും മഹല്ല് കമ്മറ്റി ചെയ്തിട്ടുണ്ട്. എല്ലാ മദ്രസ്സകളിലും ഇപ്പോൾ ഒന്നിലധികം അധ്യാപകരുണ്ട്. അഞ്ചപ്പാലം മദ്രസ്സയിൽ 4 അധ്യാപകരാണ് ജോലി ചെയ്യുന്നത്. കുട്ടികളുടെ എണ്ണവും ഈ മദ്രസ്സയിൽ കൂടുതലാണ്. നമ്മുടെ മഹല്ലിലെ 8 മദ്രസ്സകളിലായി 307 കുട്ടികളാണ് പഠനം നടത്തുന്നത്. 20 അധ്യാപകരും നമുക്കുണ്ട്. 2 അനധ്യാപകരും മദ്രസ്സകളിൽ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ കുറെ നാളുകളായി നമ്മുടെ മദ്രസ്സകളിലെ അധ്യാപകർ മാറ്റമില്ലാതെ തുടരുന്നുണ്ട്. അധ്യാപകർക്ക് നിലനിന്നുപോകാവുന്ന വിധത്തിലുള്ള ശമ്പളം മഹല്ല് കമ്മറ്റി കാലാകാലങ്ങളിൽ വർദ്ധിപ്പിച്ച് നൽകുന്നതിനാൽ അധ്യാപകരുടെ കൊഴിഞ്ഞുപോക്ക് ഇപ്പോൾ ഇല്ലയെന്നും ആയതിനാൽ തന്നെ മദ്രസ്സകളിലെ പഠന നിലവാരം ഉയർത്തുവാനും കഴിഞ്ഞിട്ടുണ്ട്. ഉന്നത ദീനീ പഠനകേന്ദ്രം മഹല്ലിൽ ഉണ്ടാകേണ്ടതിനെ കുറിച്ച് മഹല്ല് കമ്മിറ്റിയും അഡ്വൈസറി കമ്മറ്റികളും പലപ്രാവശ്യം ചർച്ച ചെയ്തിട്ടുണ്ടെങ്കിലും പ്രായോഗികമായ ഒരു തീരുമാനത്തിലെത്താൻ നമുക്കായിട്ടില്ല. ചേരമാൻ നഗർ തബ്ശീറുൽ ഇസ്‌ലാം മദ്രസ്സ കേന്ദ്രീകരിച്ച് ഒരു ഹയർ സെക്കന്ററി മദ്രസ്സ ആരംഭിക്കാൻ തീരുമാനിച്ചെങ്കിലും വിവിധ മദ്രസ്സകളിൽ നിന്നും 7-ാം ക്ലാസിന് ശേഷമുള്ള വിദ്യാർത്ഥികൾക്ക് എത്തിച്ചേരാനുള്ള പ്രയാസം കാരണം നടപ്പിലായില്ല. അറബി കോളേജ് സ്ഥാപിക്കുന്നതിനും നമ്മുടെ മഹല്ലിലെ കുട്ടികൾക്ക് അതിൽ കൂടുതൽ പങ്കാളിത്തമുണ്ടാകുന്നതിനും ദീനി ഭൗതിക വിദ്യഭ്യാസങ്ങൾ ഒരുമിച്ച് കൊണ്ടു പോകുന്നതിനുള്ള പദ്ധതികളെ കുറിച്ച് കമ്മിറ്റി ആലോചിച്ചിട്ടുള്ളതും പ്രശസ്തമായ ദീനി പഠന കേന്ദ്രങ്ങൾ സന്ദർശിച്ച് പ്രാഥമിക പഠനം നടത്തുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും മഹല്ലിലെ കുട്ടികളുടെ പങ്കാളിത്തം സംബന്ധിച്ച അവ്യക്തത നിലനിൽക്കുന്നതിനാൽ പദ്ധതി പാതിവഴിയിലാണ്. ചേരമാൻ ഓർഫനേജിൽ മഹല്ലിന്റെ കൂടി സഹകരണത്തോടെ ഖുർആൻ-ഹിഫ്ള് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വിവിധ പ്രദേശങ്ങ

ളിൽ നിന്നുള്ളള കുട്ടികളെ ഉൾപ്പെടുത്തി തുടങ്ങുന്ന ഹിഫ്ള് കോളേജിൽ താൽപര്യമുള്ള കുട്ടികളെ ചേർക്കുന്നതിന് രക്ഷിതാക്കൾ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതും അങ്ങനെ നമ്മുടെ നാട്ടിൽ ദീനി വിദ്യാഭ്യാസ സ്ഥാപനം ഇല്ലാത്തതിന്റെ കുറവ് പരിഹരിക്കാനുള്ള ശ്രമങ്ങളിൽ പങ്കാളികളാകേണ്ടതുമുണ്ട്.

വി.പി. തുരുത്ത് മസ്ജിദ് & മദ്രസ്സ വിപുലീകരണത്തിന് പ്രദേശവാസികൾ കാലങ്ങളായി മഹല്ല് കമ്മറ്റിയിൽ സമ്മർദ്ദം ചെലുത്തിവരുന്നതും, മഹല്ല് പൊതുയോഗം ഈ നിർമ്മാണപ്രവർത്തനം നടത്തുന്നതിന് തീരുമാനിച്ചിരുന്നതുമാണ്. നിലവിലെ മദ്രസ്സയിലെ ശോചനീയാവസ്ഥ ഉടനടി പരിഹരിക്കപ്പെടണമെന്ന കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക പരാധീനതകൾക്കിടയിൽ തന്നെ വി.പി. തുരുത്ത് മസ്ജിദിന്റെ മുകളിൽ ട്രസ്സ് വർക്ക് ചെയ്ത് സൗകര്യപ്രദമാകുന്ന രീതിയിൽ മദ്രസ്സ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്പോൾ മഹല്ലിൽ ഏറ്റവും സൗകര്യമുള്ള മദ്രസ്സകളിലൊന്നാണ് വി.പി.തുരുത്ത് മസ്ജിദ് & മദ്രസ്സ. ഏതാണ്ട് 500 ഓളം കുട്ടികൾക്ക് ഇരുന്ന് പഠിക്കാവുന്ന വിധത്തിലുള്ള ഹാളാണ് മദ്രസ്സയായി സജ്ജീകരിച്ചിട്ടുള്ളത്.

വി.പി. തുരുത്ത് മദ്രസ്സ ചേരമാൻ ജുമാ മസ്ജിദ് മഹല്ല് ഏറ്റെടുത്തിട്ട് ഏതാണ് 12 വർഷത്തോളമായി. ദ്വീപ് നിവാസികളുടെ ആഗ്രഹങ്ങൾക്ക് വിധേയമായി സർവ്വശക്തന് സുജൂദ് ചെയ്യാൻ നിർമ്മിച്ച ഈ പള്ളി സ്ഥാപിക്കുന്നതിന് കാരണക്കാരയവർക്ക് നാഥൻ അർഹമായ പ്രതിഫലം നൽകട്ടെ. നിർമ്മിച്ചതിനൊപ്പം ഈ പള്ളി ഇന്നത്തെ അവസ്ഥയിലേക്ക് ഉയരുന്നതിന് കാരണക്കാരായ പ്രവാസികളും അന്യസംസ്ഥാനത്ത് ജോലി ചെയ്യുന്നവരും പ്രദേശവാസികളുമായ നിരവധി സഹോദരങ്ങളുണ്ട്. ഓരോ കാലത്തേയും ആവശ്യത്തിനനുസരിച്ച് അവർ ചെയ്തിട്ടുള്ള നന്മകൾക്ക് സർവ്വശക്തനിൽ അർഹമായ പ്രതിഫലം ലഭിക്കും എന്നകാര്യത്തിൽ സംശയമില്ല. ഇപ്പോൾ നടന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ഏതാണ്ട് 50,000ത്തിൽ പരം രൂപയോളം ഈ മസ്ജിദിന്റെ പരിസരവാസികൾ സംഭാവനയായി തന്നിട്ടുണ്ട്. മറ്റേതൊരു ഭാഗത്തും ഇല്ലാത്ത ഒരു സഹകരണമാണ് നമുക്കിവിടെ കാണാൻ കഴിഞ്ഞത്. മഹല്ലിലെ അംഗങ്ങളല്ലാത്തവർ പോലും ഇതിന് സംഭാവന നൽകിയിട്ടുണ്ട്. പള്ളിയിലേക്ക് വാട്ടർ കണക്ഷൻ എടുക്കുന്നതിനുള്ള മുഴുവൻ ചെലവുകളും ഈ പള്ളിയുടെ പരിസരത്തുള്ള സഹോദരന്മാരാണ് ചെയ്തത്. നബിദിനാഘോഷാവശ്യങ്ങൾക്ക് ലഭിച്ച സംഭാവനകൾ പോലും മിച്ചം പിടിച്ച് മദ്രസ്സാ നിർമ്മാണത്തിന് സർവ്വ ശ്രമങ്ങളും നടത്തിയ പ്രധാനാധ്യാപകന്റെ മേൽനോട്ടവും വിസ്മരിക്കാവുന്നതല്ല. മഹല്ലിലെ പല സ്ഥാപനങ്ങിലും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെങ്കിലും അതിൽ പരിസരവാസികൾ സാമ്പത്തികമായി സഹകരിക്കുന്നത് വി.പി. തുരുത്തിൽ മാത്രമാണെന്നുള്ളത് പ്രത്യേകം എടുത്ത് പറയേണ്ടതാണ്. ഇപ്പോൾ ഒരു ജുമുഅ മസ്ജിദിന്റെ പ്രൗഢിയോടെയാണ് വി.പി. തുരുത്ത് നൂർ മസ്ജിദ് & മദ്രസ്സ നിലകൊള്ളുന്നത്. അതിനുവേണ്ടി ശ്രമിച്ച എല്ലാവർക്കും നാഥൻ അർഹമായ പ്രതിഫലം നൽകട്ടെ.

കേന്ദ്രസർക്കാർ നൽകി വരുന്ന SPQEM പദ്ധതി നിർഭാഗ്യവശാൽ കഴിഞ്ഞ 2 വർഷങ്ങളായി സർക്കാർ അനൗദ്യോഗികമായി നിർത്തിവെച്ചിരിക്കുകയാണ്. മഹല്ലിലെ വിദ്യാർത്ഥികൾക്ക് സൗജന്യമായി ട്യൂഷൻ നൽകുന്നതിന് SPQEM പദ്ധതി പ്രകാരം ലഭിച്ചിരുന്ന ഫണ്ട് ഇപ്പോൾ ലഭിക്കുന്നില്ലെങ്കിലും മഹല്ല് ഫണ്ട് ഉപയോഗിച്ച് സ്കൂൾ വിഷയങ്ങളിൽ ട്യൂഷൻ തുടർന്നും നടത്തിവരുന്നുണ്ട്. മഹല്ലിലെ സാധാരണക്കാരായ നിരവധി കുട്ടികൾക്ക് ഇതിന്റെ ഗുണം ലഭിക്കുന്നുണ്ട്. കഴിഞ്ഞ അദ്ധ്യായന വർഷം എസ്.എസ്.എൽ.സി. ക്ക് മികച്ച വിജയമാണ് നമ്മുടെ ട്യൂഷൻ ക്ലാസിലെ വിദ്യാർത്ഥികൾ നേടിയത്. ഈ വർഷവും മികച്ച വിജയം നേടുമെന്ന് പ്രതീക്ഷിക്കുന്നു. ഭൗതിക വിദ്യാഭ്യാസത്തിൽ സമുദായം പിന്നിലായി

രുന്ന കാലഘട്ടം കഴിഞ്ഞു. നമ്മുടെ പുതിയ തലമുറ പഠന രംഗത്ത് കൂടുതൽ മികവ് പുലർത്തുന്നുണ്ട്. എന്നാൽ ദീനി വിദ്യഭ്യാസ രംഗത്ത് ഈ മികവ് കാണാൻ കഴിയുന്നില്ല. വിദ്യാർത്ഥികൾക്കായുള്ള സൺഡേ മദ്രസ്സയും, വെക്കേഷൻ മദ്രസ്സയും നടത്തിവരുന്നുണ്ടെങ്കിലും അത് പ്രയോജനപ്പെടുത്താൻ കുട്ടികളോ രക്ഷിതാക്കളോ മുതിരുന്നില്ല എന്നത് ഖേദകരമാണ്. ഉയർന്ന ദീനി പഠന സ്ഥാപനങ്ങൾ നമ്മുടെ മഹല്ലിൽ ഇല്ല എന്നത് എക്കാലത്തും നമ്മുടെ പോരായ്മയാണ്. നമ്മുടെ മഹല്ലിൽ നിന്നുള്ള കുട്ടികളുടെ പങ്കാളിത്തമില്ലാത്തതാണ് ഇതിന്റെ കാരണങ്ങളെന്ന് പലഘട്ടങ്ങളിലെ ചർച്ചകളിലും നാം മറുപടി കണ്ടെത്തിയിട്ടുമുണ്ട്. ചേരമാൻ ജുമാ മസ്ജിദിന്റെയും ചേരമാൻ ഓർഫനേജിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ ചേരമാൻ ഓർഫനേജിൽ ആരംഭിക്കുന്ന ഖുർആൻ ഹിഫ്ള് കോഴ്സിലേക്ക് നമ്മുടെ മദ്രസ്സകളിൽ നിന്ന് അഞ്ചാം ക്ലാസ് പൂർത്തിയാക്കിയ കുട്ടികൾക്ക് പ്രവേശനം നൽകുന്നതാണ്. നല്ല നിലയിലേക്ക് സ്ഥാപനം ഉയരുന്ന പക്ഷം മറ്റ് പല പുതിയ പദ്ധതികൾക്കും രൂപം നൽകാൻ കഴിയുമെന്ന് കമ്മിറ്റി പ്രതീക്ഷിക്കുന്നു.

## ചേരമാൻ മസ്ജിദ് പ്ലാസ

05-04-2012 ൽ പള്ളിയുടെ തെക്കേപറമ്പിൽ ആരംഭിച്ച കെട്ടിട നിർമ്മാണം എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് പൂർത്തീകരിക്കപ്പെട്ടതിൽ നാഥനോട് നന്ദി പറയുന്നു. മസ്ജിദ് വക ഭൂമികൾക്ക് പ്രമാണങ്ങളില്ലാതിരുന്ന കാലത്ത് തുടങ്ങിയ നിർമ്മാണം തുടക്കത്തിൽ തന്നെ ഏറെ വെല്ലുവിളികൾ നേരിടേണ്ടി വന്നു. സർക്കാർ സ്ഥാപനങ്ങളുടെ മെല്ലേപോക്ക് നയം, കടുത്ത സാമ്പത്തിക പ്രതിസന്ധി എന്നിവയെല്ലാം നേരിട്ടുകൊണ്ടാണ് നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ട് പോയത്. തെക്കേ പറമ്പിലെ കുടികിടപ്പ് ഒഴിവാക്കാനും ഈ സാഹചര്യത്തിൽ പണം ചെലവഴിക്കേണ്ടി വന്നതും നാം ചർച്ച ചെയ്തിരുന്നതാണ്. 2012-2013 സാമ്പത്തിക വർഷത്തിൽ 13 ലക്ഷം രൂപയും 2013-2014ൽ 28 ലക്ഷം രൂപയും 2014-2015 വർഷത്തിൽ 20 ലക്ഷം രൂപയും, 2015-2016 വർഷത്തിൽ 14 ലക്ഷം രൂപയും ഉൾപ്പെടെ നിർമ്മാണപ്രവർത്തനങ്ങൾക്കായി മഹല്ല് വായ്പ വാങ്ങിയിട്ടുണ്ട്. ഇതിൽ 33 ലക്ഷം രൂപ മഹല്ലിന്റെ സമൂഹ വിവാഹ പദ്ധതിയിൽ നിന്നും ബാക്കി 42 ലക്ഷം രൂപ മഹല്ല് അംഗങ്ങളിൽ നിന്നുമാണ് കടം വാങ്ങിയത്. കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും സർവ്വശക്തന്റെ അപാരമായ അനുഗ്രഹത്താൽ 28 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കിടയിൽ തന്നെ മടക്കി നൽകിയിട്ടുണ്ട്. ഇനിയുള്ള 14 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തിൽ തന്നെ കൊടുത്ത് തീർക്കുവാൻ കഴിയുമെന്ന് കമ്മിറ്റിക്ക് ഉറപ്പുണ്ട്. സമൂഹവിവാഹ പദ്ധതിയിൽ നിന്നെടുത്ത സംഖ്യ ആവശ്യാനുസരണം മടക്കി നൽകാനും കഴിയുമെന്ന കാര്യത്തിൽ സംശയമില്ല.

മസ്ജിദ് പ്ലാസയുടെ നിർമ്മാണം പൂർത്തീകരിച്ചപ്പോൾ 2,41,70,959 രൂപയോളം നമുക്ക് ചിലവ് വന്നിട്ടുണ്ട്. 72 പീടിക മുറികളായി 22,425 സ്ക്വയർഫീറ്റ് കെട്ടിടവും വാടകയ്ക്ക് കൊടുക്കാവുന്നവിധം ട്രസ്സ് വർക്ക് ചെയ്ത 7785 സ്ക്വയർ ഫീറ്റ് ടെറസും മഹല്ലിന് സ്വന്തമായി. എൻ.എച്ച്. 17 വഴി മാറിയപ്പോൾ മഹല്ലിന് സംഭവിച്ച വരുമാന ശോഷണത്തിൽ നിന്നും ആശ്വാസം ലഭിക്കാൻ ഈ കെട്ടിട വാടകകൊണ്ട് കഴിയുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. മുൻ റിപ്പോർട്ടിൽ നാം ചർച്ച ചെയ്തത് പോലെ 11,92,904 രൂപ മാത്രം നീക്കിയിരുപ്പുണ്ടായിരുന്നപ്പോളാണ് നാം ഈ പ്രവർത്തി ഏറ്റെടുത്തത്. ഈ ബൃഹത് പദ്ധതിയുടെ പൂർത്തീകരണത്തിന് അല്ലാഹുവിന്റെ അനുഗ്രഹം നമുക്ക് ഏറെ ലഭിച്ചിട്ടുണ്ട്.

## പി.എസ്.സി. ട്രെയിനിംഗ് ക്ലാസ്

സംസ്ഥാന സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമവകുപ്പ് മഹല്ലിന് അനുവദിച്ച പി.എസ്.സി. ട്രെയിനിംഗ് ക്ലാസിന്റെ മൂന്നാം ഘട്ട പരിശീലനമാണ് ഇപ്പോൾ നടന്നുവരുന്നത്. ആദ്യ രണ്ട് ബാച്ചുകളിലായി 200ഓളം കുട്ടികൾ പരിശീലനത്തിനുണ്ടായിരുന്നു. മൂന്നാം ബാച്ചിൽ 142 കുട്ടികളാണുള്ളത്. പരിസര മഹല്ലുകളിലെ കുട്ടികളും ഏറെ അമുസ്ലീം കുട്ടികളും ഉപയോഗപ്പെടുത്തുന്ന ഈ ക്ലാസ്സിൽ നമ്മുടെ മഹല്ലിൽ നിന്ന് 4 കുട്ടികൾ മാത്രമാണ് ഉള്ളത്. നമ്മുടെ ട്രെയിനിംഗ് സെന്ററിൽ പഠിക്കുന്ന 27 കുട്ടികൾ വിവിധ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഇടം പിടിച്ചിട്ടുണ്ട് എന്നത് ഏറെ ആഹ്ലാദകരമാണ്. ഇതിൽ 9 പേർ അമുസ്ലീം കുട്ടികളാണ്.

പി.എസ്.സി. ട്രെയിനിംഗ് സെന്ററിന്റെ ജില്ലാ ആസ്ഥാനം നമ്മുടെ മഹല്ലിലേക്ക് മാറ്റുന്നതിനുള്ള ശ്രമങ്ങൾ കമ്മറ്റി നടത്തിവരുന്നുണ്ട്. ന്യൂനപക്ഷ ക്ഷേമവകുപ്പിന് നമ്മുടെ ട്രെയിനിംഗ് സെന്റർ സംബന്ധിച്ച് നല്ല അഭിപ്രായമുള്ളതിനാൽ ഇതിന് സാധ്യതയുമുണ്ട്. അങ്ങിനെയാണെങ്കിൽ എല്ലാദിവസവും ട്രെയിനിംഗ് ക്ലാസ് നടത്തുവാനുള്ള സൗകര്യം നമുക്ക് ലഭിക്കും.

## ഇസ്ലാമിക പൈതൃക മ്യൂസിയം

മുസ്രിസ് പൈതൃക പദ്ധതിയുടെ ഒന്നാം ഘട്ടം രാജ്യത്തിന് സമർപ്പിച്ചപ്പോൾ ചേരമാൻ ജുമുഅ മസ്ജിദിന് അനുവദിച്ച ഇസ്ലാമിക പൈതൃക മ്യൂസിയം ഇപ്പോഴും പാതിവഴിയിലാണ്. എന്നിരുന്നാലും പദ്ധതിയിലെ ഇതര മ്യൂസിയങ്ങളേക്കാൾ വിപുലമായ ഒരുക്കങ്ങളാണ് ഇതിനുവേണ്ടി നടന്നുവരുന്നത്. കെട്ടിട നിർമ്മാണം 1 വർഷം മുമ്പ് പൂർത്തീകരിച്ചുവെങ്കിലും മ്യൂസിയം പ്രവർത്തനസജ്ജമാകാൻ ഇനിയും 4 മാസത്തോളം വേണ്ടിവരുമെന്നാണ് അറിയുന്നത്. കേരള മുസ്ലീം ചരിത്രം, മുസ്ലീം വേഷവിധാനം, സംസ്കാരം, കലകൾ, ഭക്ഷണം, ഇസ്ലാമിക ചരിത്ര സ്ഥലങ്ങൾ തുടങ്ങിയ സകല വിവരണങ്ങളുമുൾക്കൊള്ളുന്ന ഓഡിയോ, വീഡിയോ വർക്കുകളാണ് മ്യൂസിയത്തിൽ സജ്ജീകരിക്കുന്നത്. ഇസ്ലാമിക ചരിത്രവും ആചാരങ്ങളും വിശദീകരിക്കുന്ന 15 മോണിറ്ററുകളും 65ഓളം പാനലുകളും സജ്ജീകരിക്കുന്നുണ്ട്. അംഗപരിമിതർക്ക് മ്യൂസിയത്തിലേക്ക് പ്രവേശിക്കുന്നതിന് അനുവദിച്ച് ലിഫ്റ്റ് സ്ഥാപിച്ചിട്ടില്ല. കൂടാതെ ഈ സാമ്പത്തിക വർഷം മ്യൂസിയത്തിന്റെ പ്രവർത്തനത്തിന് മാത്രമായി ഒരു ജനറേറ്ററും സർക്കാർ അനുവദിച്ചിട്ടുണ്ട്. നമ്മുടെ മഹല്ലിന് ലോകപ്രശസ്തി നേടിക്കൊടുക്കാവുന്ന വിധത്തിലുള്ള ആധുനിക രീതിയിലായിരിക്കും മ്യൂസിയം പ്രവർത്തന സജ്ജമാകുക. മഹല്ല് കമ്മിറ്റിയുടെ നിരന്തരമായ സമ്മർദ്ദത്തിന്റെ ഫലമായി മ്യൂസിയത്തിന് ചുറ്റിലും പള്ളിയുടെ പുറക് വശവും മുസ്രിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി ടൈൽ വിരിക്കുന്ന ജോലികളും പുരോഗമിച്ച് വരുന്നുണ്ട്.

## ഇസ്ലാമിക് ഡിജിറ്റൽ ലൈബ്രറി.

വൈജ്ഞാനിക രംഗത്തെ ഇസ്ലാമിന്റെ കനത്ത സംഭാവനകളുടെ നേർകാഴ്ചയൊരുക്കി ഒരു ഇസ്ലാമിക ഡിജിറ്റൽ ലൈബ്രറി നമ്മുടെ മഹല്ലിൽ ആരംഭിക്കുന്ന വിവരം മഹല്ല് അംഗങ്ങളെ അറിയിക്കുന്നതിന് കമ്മറ്റിക്ക് അതിയായ സന്തോഷമുണ്ട്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി പുരാതന കുടുംബങ്ങളിലും, വ്യക്തികളിലും, സ്ഥാപനങ്ങളിലുമായി ചിതറിക്കിടക്കുന്ന ചരിത്രത്തിൽ അത്യപൂർവ്വമായ രേഖകൾ കണ്ടെത്തി ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള ഒരു വൻ പദ്ധതിയാണ് മഹല്ല് ഏറ്റെടുത്തിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ സി-ഡിറ്റിന്റെ സാങ്കേതിക സഹായത്തോടെ ആധുനിക സൗകര്യങ്ങളോടെ

യുള്ള മൊബൈൽ ലാബ് 1 കോടി രൂപ ചെലവാക്കി സർക്കാർ ഇതിനായി നിർമ്മിച്ചിട്ടുണ്ട്. നൂറ്റാണ്ടുകൾ പഴക്കമുള്ള ഖിത്താബുകൾ, അന്യം നിന്നുപോയതും ആധുനിക തലമുറ അറിയാത്തതുമായ അറബി-മലയാളം ഗ്രന്ഥങ്ങൾ, കേരള മുസ്‌ലിം ചരിത്രം ഇസ്‌ലാമിക വൈദ്യം തുടങ്ങി തൊട്ടാൽ പൊടിയുന്ന ഗ്രന്ഥങ്ങൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിച്ച് ഭാവി തലമുറയ്ക്ക് കൈമാറാനുള്ള ഒരു ചരിത്ര നിയോഗമാണ് നാം ഇതിലൂടെ ഏറ്റെടുത്തിരിക്കുന്നത്. ഏതാണ്ട് ഒരു ലക്ഷത്തിൽ പരം പേജുകളുടെ ഡിജിറ്റലൈസേഷൻ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇനിയും ഒരു ലക്ഷത്തോളം പേജുകളുടെ ജോലികൾ നടന്നുവരുന്നുണ്ട്. ലക്ഷങ്ങൾ ചിലവ് വരുന്ന ഈ പദ്ധതി പല ഉദാരമതികളുടെയും ദീനി പ്രവർത്തകരുടെയും ചരിത്ര കുതുകികളുടെയും സഹായംകൊണ്ടാണ് ഇപ്പോൾ നടന്നുവരുന്നത്. ഒപ്പം കേരള സർക്കാരിന്റെ ടൂറിസം വകുപ്പും, സി-ഡിറ്റും അകമഴിഞ്ഞ സഹായങ്ങൾ മഹല്ലിന് നൽകുന്നുണ്ട്. സി-ഡിറ്റ് സമാഹരിച്ച രേഖകളുടെ ആദ്യ ഗഡു ഡിജിറ്റൽ ലൈബ്രറിക്ക് വേണ്ടി സംസ്ഥാന ടൂറിസം വകുപ്പ് മന്ത്രി ശ്രീ. എ.പി. അനിൽകുമാർ 04-03-2016 ൽ നമ്മുടെ മ്യൂസിയം ഹാളിൽ വെച്ച് നടത്തിയ പരിപാടിയിൽ ഏറ്റുവാങ്ങുകയുണ്ടായി.

ഭാവി തലമുറയ്ക്ക് ഇസ്‌ലാമിന്റെ ചരിത്രവും സംസ്കാരവും വിജ്ഞാനവും പകർന്ന് നൽകുന്നതിനുള്ള ഒരു ചരിത്ര ദൗത്യമാണ് ഇസ്‌ലാമിക പൈതൃക മ്യൂസിയത്തിലൂടെയും ഇസ്‌ലാമിക ഡിജിറ്റൽ ലൈബ്രറിയിലൂടെയും മഹല്ല് ഏറ്റെടുത്തിരിക്കുന്നത്. വരുംതലമുറയ്ക്ക് വേണ്ടിയുള്ള ഈ കരുതൽ ഉപയോഗപ്പെടുന്ന കാലത്ത് നമ്മുടെ അധ്വാനവും ചരിത്രമായി രേഖപ്പെടുത്തപ്പെടും.

## മസ്ജിദ്

ചേരമാൻ മസ്ജിദിന് മുൻപിലൂടെ കടന്നുപോകുന്ന എൻ.എച്ച്.-17 ന് സമാന്തരമായി ബൈപ്പാസ് റോഡ് നിലവിൽ വന്നതിന് ശേഷം പള്ളിയിലേക്കുള്ള വരവിനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ കുറവാണ് വരിസംഖ്യ, മരണാനന്തര സഹായം, വെളിച്ചെണ്ണ വിൽപ്പന എന്നിവയിലൂടെ ലഭിച്ചിട്ടുള്ളത്. ഭണ്ഡാരം വരവിൽ പ്രതീക്ഷിച്ച വരവ് ഉണ്ടായില്ലെങ്കിലും കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ വരവുണ്ടായത് ആശ്വാസമായിരുന്നു. ബൈപ്പാസിൽ നിന്ന് പള്ളിയിലേക്കുള്ള സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് ടൂറിസം ഡിപ്പാർട്ട്മെന്റിലും എൻ.എച്ചിലും മഹല്ല് കമ്മിറ്റി സമ്മർദ്ദം ചെലുത്തിയിട്ടുണ്ടെങ്കിലും ഇതുവരെ നടപ്പിലായിട്ടില്ല. മുസ്‌രിസ് പൈതൃക പദ്ധതിയുടെ ഭാഗമായി വിപുലമായ സൈൻ ബോർഡുകൾ രൂപകൽപ്പന ചെയ്തിട്ടുണ്ടെങ്കിലും പദ്ധതിയിലെ മെല്ലേപ്പോക്ക് നയം കാരണം ഇത് നടപ്പിലായിട്ടില്ല. ഈ സാഹചര്യത്തിലാണ് മഹല്ല് ഫണ്ട് ഉപയോഗപ്പെടുത്തി ചേരമാൻ മസ്ജിദ് ജംഗ്ഷൻ എന്ന ഗെയ്റ്റും ബൈപ്പാസിൽ വിവിധ സൈൻ ബോർഡുകളും മഹല്ല് കമ്മിറ്റി സ്ഥാപിച്ചിട്ടുണ്ട്.

മസ്ജിദിന്റെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ട് സി.സി. ടി.വി. ക്യാമറകൾ സ്ഥാപിക്കണമെന്ന ഓഡിറ്റ് നിർദ്ദേശം പൊതുയോഗം അംഗീകരിച്ചിരുന്നതും സാമ്പത്തിക പ്രതിസന്ധി കാരണം സ്ഥാപിക്കുന്നത് വൈകിയതുമാണ്. പൊതുയോഗ തീരുമാനങ്ങൾ പരിശോധിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള മോണിറ്ററിംഗ് കമ്മിറ്റി ടി തീരുമാനം നടപ്പിലാക്കുന്നത് സംബന്ധിച്ച് മഹല്ല് കമ്മറ്റിയുമായി ചർച്ച നടത്തിയിട്ടുള്ളതും അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് സി.സി. ടി.വി. സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 14 ക്യാമറകളാണ് പള്ളിയുടെ സുരക്ഷിതത്വത്തിന് വേണ്ടി സ്ഥാപിച്ചിട്ടുള്ളത്.

മാസത്തിൽ ആദ്യ വെള്ളിയാഴ്ച സ്ഥിരമായി പള്ളിയിൽ റാത്തീബ് നടത്താനും

മഹല്ലിലെ മരണങ്ങൾ മഹല്ലിന്റെ വിവിധ സ്ഥാപനങ്ങളിൽ അനൗൺസ് ചെയ്യുവാനുള്ള മഹല്ല് പൊതുയോഗത്തിലെ തീരുമാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

## മീലാദ് ഷെരീഫ്

മഹല്ലിന്റെ മീലാദാഘോഷങ്ങളുടെ നാൾവഴിയിൽ പുതിയൊരനുഭവമായിരുന്നു കഴിഞ്ഞ വർഷത്തെ നബിദിനാഘോഷം. ഈ മഹല്ലിന്റെ പ്രൗഢിയുടെയും അന്തസിന്റെയും വിസ്മയം തീർത്ത ആഘോഷം തികച്ചും വേറിട്ടതായിരുന്നു. റബ്ബിഉൽഅവ്വൽ 12ന് പള്ളിക്ക് മുമ്പിൽ മഹല്ല് പ്രസിഡന്റ് ഡോ. പി.എ. മുഹമ്മദ് സഈദ് പതാക ഉയർത്തിയപ്പോൾ മഹല്ലിലെ മദ്രസ്സകളിലെ കുട്ടികളും അധ്യാപകരും അഡ്വൈസറി കമ്മിറ്റി അംഗങ്ങളും പരിസരവാസികളും ഉൾപ്പെടെയുള്ള വൻജനാവലിയുടെ സാന്നിദ്ധ്യം നാളിതുവരെ ഇല്ലാത്തതായിരുന്നു. പല പത്രങ്ങളുടെയും മുൻപേജിൽ നമ്മുടെ മീലാദാഘോഷത്തിന്റെ ചിത്രം അച്ചടിച്ചുവന്നു. മദ്രസ്സകൾ തോറും നടത്തിയ നബിദിനാഘോഷ പരിപാടികൾ വ്യത്യസ്തത കൊണ്ടും ജനപങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായി. മഹല്ല് കേന്ദ്രീകരിച്ചുള്ള മീലാദാഘോഷം മുൻവർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി വൈകുന്നേരമാണ് ആരംഭിച്ചത്. അതു കൊണ്ട് തന്നെ മഹല്ല് അംഗങ്ങൾക്ക് പരിപാടിയിൽ ആദ്യാവസാനം വരെ പങ്കെടുക്കുവാൻ കഴിഞ്ഞു. മദ്രസ്സകൾ വാശിയോടെ പങ്കെടുത്ത കലാമത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് കരസ്ഥമാക്കിയ ചേരമാൻ നഗർ തബ്ശീറുൽ ഇസ്ലാം മദ്രസ്സ ഒന്നാം സ്ഥാനം കരസ്ഥമാക്കി. അധ്യാപകരിൽ നിന്നും അഡ്വൈസറി കമ്മിറ്റിയിൽ നിന്നും മഹല്ലിന് ലഭിച്ച സേവനം കലവറയില്ലാത്തതാണ്. മീലാദാഘോഷത്തിന്റെ എല്ലാ തലത്തിലും അഡ്വൈസറി കമ്മിറ്റിയുടെ സജ്ജീവ സാന്നിദ്ധ്യവും ഉപദേശങ്ങളും ഉണ്ടായതിനാൽ വീഴ്ച കൂടാതെ പരിപാടി പൂർണ്ണതയിലെത്തിക്കുവാൻ നമുക്കായി. മീലാദാഘോഷങ്ങളുടെ താലൂക്ക്തല പരിപാടികൾ മഹല്ല് പ്രസിഡന്റിന്റെ നേതൃത്വത്തിൽ നടത്തുകയും സമുദായത്തിലെ വിവിധ സംഘടനകളെ ഒരുമിച്ച് ചേർത്ത് പ്രവാചക സന്ദേശത്തിന്റെ പ്രസക്തിയെ കുറിച്ച് സെമിനാർ നടത്തുന്നതിനുള്ള നേതൃത്വപരമായ പങ്ക് വഹിക്കുവാനും നമുക്കായി.

## കാവിൽകടവ് നമസ്കാര പള്ളി

കൊടുങ്ങല്ലൂർ നഗരഹൃദയത്തിൽ സ്ഥിതി ചെയ്യുന്നതും അഭിമാനകരമായരീതിയിൽ പ്രവർത്തിച്ചുവരുന്നതുമായ കാവിൽകടവ് നൂറുൽ യഖീം മദ്രസ്സ ഒരു നിസ്സഹായാവസ്ഥയിലാണ് മഹല്ല് കമ്മിറ്റി ഏറ്റെടുത്തത്. വലിയ ചിലവുകൾ ഭാവിയിൽ ഉണ്ടാകുമെന്ന ഓഡിറ്റ് പരാമർശം അതിന്റെ ഗൗരവത്തിൽ തന്നെ മഹല്ല് കമ്മിറ്റി ഉൾക്കൊള്ളുന്നു. ഈ മഹല്ലിൽ പ്രവർത്തിക്കുന്നതും 40ഓളം കുരുന്നുകൾ ദീൻ പഠിക്കുന്നതും, വർഷങ്ങളായി നിലനിൽക്കുന്നതുമായ ഒരു വിദ്യാഭ്യാസ സ്ഥാപനം സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ അടച്ചിടേണ്ടിവരുന്ന ദുരവസ്ഥ കാഴ്ചക്കാരായി നോക്കി നിന്നാൽ അത് അനീതിയാകുമെന്ന തിരിച്ചറിവാണ് പൊതുയോഗതീരുമാനത്തിന് മുമ്പായി ഈ സ്ഥാപനം താൽക്കാലികമായി ഏറ്റെടുക്കുവാൻ മഹല്ല് കമ്മിറ്റിയെ പ്രേരിപ്പിച്ചത്. 3 ജീവനക്കാരുള്ള ഈ മദ്രസ്സ അതിന്റെ പരിപാലനത്തിന് ആവശ്യമായ വരുമാനമില്ലാതെ വീർപ്പു മുട്ടുന്ന അവസ്ഥയിലായിരുന്നു. അധ്യാപകരുടെ ശമ്പളം സ്ഥിരമായി നൽകാൻ കഴിയാതെയും യഥാസമയം വൈദ്യുതി ബിൽ അടക്കാൻ പോലും കഴിയാതെയും നടത്തിപ്പുകാരായ പരിസര വാസികൾ ദുരിതത്തിലായിരുന്നു. കൂടാതെ പലരുടെയും സഹായത്താലുള്ള പള്ളിയുടെ പുതുക്കിപ്പണിയലിൽ പ്രതീക്ഷിച്ച സഹായം ലഭിക്കാതെ വന്നപ്പോൾ പ്രാദേശിക കമ്മിറ്റി കടംകൊണ്ട് വലയുകയും ചെയ്ത സാഹചര്യത്തിലാണ് പരിസരവാസികളുടെ അപേക്ഷ

പ്രകാരം മഹല്ല് കമ്മിറ്റി ഇക്കാര്യത്തിൽ ഇടപെട്ടതും താൽക്കാലികമായി ഏറ്റെടുക്കുകയും ചെയ്തത്. അവസരത്തിനൊത്ത് സഹായിച്ചില്ലായിരുന്നുവെങ്കിൽ ദീർഘകാലം അക്ഷരങ്ങൾകൊണ്ട് മുഖരിതമായ ഈ മദ്രസ്സ താൽക്കാലികമായാണെങ്കിൽ പോലും അടച്ചിടേണ്ടി വരുമായിരുന്നു. അതിന് ഈ സമൂഹം സർവ്വശക്തനോട് സമാധാനം ബോധിപ്പിക്കുകയും ചെയ്യണമായിരുന്നു. മേൽ കാര്യങ്ങളുടെ നിജസ്ഥിതി മഹല്ല് പൊതുയോഗത്തിന് ബോധ്യപ്പെടുമെന്ന ഉത്തമവിശ്വാസം ഈ തീരുമാനമെടുക്കുമ്പോൾ കമ്മിറ്റിക്കുണ്ടായിരുന്നു. ആയതുകൊണ്ട് തന്നെ ഈ തീരുമാനം മഹല്ല് പൊതുയോഗം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കാവിൽകടവ് മദ്രസ്സയുടെ ദൈനംദിന കാര്യങ്ങളാണ് മഹല്ല് ഏറ്റെടുത്തിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങളുടെ പേരിൽ ഈ മദ്രസ്സ കമ്മിറ്റിക്കുണ്ടായിട്ടുള്ള കടബാധ്യതകൾ കമ്മിറ്റി പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെങ്കിലും ഏറ്റെടുത്തിട്ടില്ല. മഹല്ല് പൊതുയോഗത്തിന്റെ അനുമതിയും അംഗീകാരവും ലഭിക്കുന്ന മുറയ്ക്ക് മാത്രമെ മദ്രസ്സ ഏറ്റെടുത്തതുൾപ്പെടെയുള്ള കാര്യങ്ങളിൽ കമ്മിറ്റി തുടർനടപടി സ്വീകരിക്കുകയുള്ളു.

## മസ്ജിദു തഖ്വ, ഉഴുവത്ത്കടവ്

മഹല്ലിൽ പ്രശസ്തമായ രീതിയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് മസ്ജിദു തഖ്വ, ഉഴുവത്ത്കടവ്. ഈ പള്ളിയിൽ മഹല്ലിന്റെ അനുമതിയോടെ ജുമുഅ ആരംഭിച്ചിട്ടുള്ളതും, സർവ്വശക്തന്റെ അനുഗ്രഹത്തോടെ മികച്ച രീതിയിൽ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നുമുണ്ട്. കൂടുതൽ ആളുകളെ നമസ്കാരത്തിന് ഉൾക്കൊള്ളാവുന്ന വിധം മസ്ജിദിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മസ്ജിദ് & മദ്രസ്സ കമ്മിറ്റി ആവുന്ന ശ്രമങ്ങൾ അഭിനന്ദനീയമായ വിധത്തിൽ നടത്തിവരുന്നതിൽ കമ്മിറ്റിക്ക് സന്തോഷമുണ്ട് പള്ളിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായി മഹല്ല് പൊതുയോഗം 3 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നുവെങ്കിലും 1,90,000 രൂപ മാത്രമേ നൽകാൻ കഴിഞ്ഞുള്ളു. നിർമ്മാണപ്രവർത്തനങ്ങൾ വളരെ ഭംഗിയായി പൂർത്തീകരിച്ചിട്ടുള്ളതും മദ്രസ്സ പ്രവർത്തനങ്ങൾ മാതൃകാപരമായി നടക്കുകയും ചെയ്യുന്നുണ്ട്.

## മുക്രിക്ക – ഒരനുസ്മരണം

പോയ സാമ്പത്തിക വർഷത്തിൽ മഹല്ലിനുണ്ടായ എക്കാലത്തെയും വലിയ നഷ്ടമായിരുന്നു കുര്യാപ്പിള്ളി മുഹമ്മദ് മകൻ സെയ്തുമുഹമ്മദ് എന്ന നമ്മുടെ "മുക്രിക്ക"ക്കയുടെ മരണം. ഒരായുസ്സ് മുഴുവനും ഈ പള്ളിയോടൊപ്പം ജീവിച്ച് തീർത്ത അത്ഭുത പ്രതിഭയേയാണ് നമുക്ക് നഷ്ടമായത്. 11 വയസ്സ് മാത്രം പ്രായമുള്ളപ്പോൾ ചേരമാൻ ജുമുഅഃ മസ്ജിദിന്റെ മുക്രിയായി സ്ഥാനമേറ്റ സെയ്തുമുഹമ്മദിലൂടെ ചേരമാൻ പള്ളിയുടെ മറ്റൊരു ചരിത്രം കൂടി ആരംഭിക്കുകയായിരുന്നു. ആളും അർത്ഥവുമില്ലാതിരുന്ന കാലത്ത് പള്ളിയുടെ കാവലാളായി മുക്രിക്ക നിലകൊണ്ടു. കാലത്തിന്റെ ഗതിവിഗതികൾക്കൊപ്പം ചേരമാൻ ജുമാ മസ്ജിദ് പടർന്നു പന്തലിച്ചപ്പോൾ ചരിത്രസ്മരണകളുടെ അക്ഷയഖനിയായി മുക്രിക്ക മാറി. 80 വർഷങ്ങൾ നീണ്ട സർവ്വീസിനിടയിൽ വിരലിലെണ്ണാവുന്ന ദിവസങ്ങളിൽ മാത്രമെ പള്ളിമിനാരത്തിൽ നിന്നും മുക്രിക്കയുടെ ബാങ്കൊലി ഉയരാതിരുന്നിട്ടുള്ളു. 8 പതിറ്റാണ്ട് ഒരു പള്ളിയിൽ തന്നെ ബാങ്ക് വിളിച്ച മറ്റൊരു മനുഷ്യൻ ലോകചരിത്രത്തിൽ ഉണ്ടാകില്ലായെന്ന് അഹങ്കാരത്തോടെ നമുക്ക് അവകാശപ്പെടാനാകും. ഇന്ന് ആ മനോഹരമായ ബാങ്കൊലി ശബ്ദം നമ്മിൽ നിന്ന് എന്നേക്കുമായി അകന്നുപോയിരിക്കുന്നു. മരണാസന്നനായി കിടന്നപ്പോൾ പോലും ചേരമാൻ ജുമാ മസ്ജിദിനെ നെഞ്ചോട് ചേർത്ത് പിടിച്ച്, ചേരമാൻ ജുമാ മസ്ജിദിന്റെ ചരിത്രത്തോടൊപ്പം നടന്ന മഹല്ലിന്റെ പ്രിയപ്പെട്ട മുക്രിക്കാക്ക് സർവ്വശക്തൻ അർഹമായ സ്ഥാനം നൽകി അനുഗ്രഹിക്കട്ടെ... ആമീൻ

**പ്രിയപ്പെട്ടവരെ,**

കഴിഞ്ഞുപോയൊരു വർഷം നമ്മുടെ പള്ളിയെ സംബന്ധിച്ച് എല്ലാ തലത്തിലും ശ്രദ്ധിക്കപ്പെട്ട വർഷമായിരുന്നു. സാമൂഹിക സാംസ്കാരിക മേഖലയിൽ നമ്മുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിന് മഹല്ല് കമ്മിറ്റിക്കായിട്ടുണ്ട്. ഈ വർഷത്തെ മീലാദാഘോഷം മഹല്ല് രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചാണ് സ്വീകരിച്ചത്. വെള്ളിയാഴ്ച ജുമാ നമസ്ക്കാരത്തിനെത്തിയ ആളുകളുടെ രക്തഗ്രൂപ്പ് നിർണ്ണയിച്ച് 500 ഓളം രക്തദാതാക്കളുടെ ലിസ്റ്റ് തയ്യാറാക്കുവാൻ സാധിച്ചു. ഈ ലിസ്റ്റ് ഉപയോഗപ്പെടുത്തി പലർക്കും രക്തം നൽകാനും അതുവഴി മഹല്ലിന്റെ സാമൂഹിക പ്രതിബദ്ധത നിറവേറ്റാനും നമുക്കായിട്ടുണ്ട്.

ഒരു നാടിന്റെ മുഴുവൻ വേദനയായിരുന്ന ശരത് എന്ന വിദ്യാർത്ഥിയുടെ കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയിൽ ചേരമാൻ ജുമാ മസ്ജിദിന്റെ പങ്ക് നിസ്തുലമായിരുന്നു. മറ്റേത് സ്ഥാപനങ്ങളും സംഘടനകളും സഹകരിച്ചതിനേക്കാളപ്പുറം നമ്മുടെ മഹല്ല് ശരത്തിന്റെ കരളിനെ കൂട്ടായ് നിന്നു. 2 വെള്ളിയാഴ്ചകളായി നടന്ന ബക്കറ്റ് കളക്ഷനിൽ മഹല്ല് അംഗങ്ങൾ സജീവമായി സഹകരിച്ചത് മഹല്ല് കമ്മിറ്റി നന്ദിയോടെ സ്മരിക്കുന്നു. കൊടുങ്ങല്ലൂരിലെ സാമൂഹിക സാംസ്കാരിക രംഗത്ത് ശരതും ചേരമാൻ മസ്ജിദും ചർച്ചാവിഷയമായിരുന്നു.

ഒരു സുപ്രഭാതത്തിൽ ഉറക്കമുണർന്ന മൂന്ന് പിഞ്ചോമനകൾക്ക് പിതാവ് നഷ്ടമായപ്പോൾ, സ്വന്തമായി കിടപ്പാടമോ സമ്പാദ്യമോ വരുമാനമോ ഇല്ലാതെ സമൂഹത്തിന് മുന്നിൽ ചോദ്യചിഹ്നമായി നിന്ന ഒരു മാതാവിനും ഭർത്താവ് നഷ്ടപ്പെട്ട സഹോദരിക്കും തലചായ്ക്കുന്നതിന് മഹല്ല് കമ്മിറ്റി 5 സെന്റ് സ്ഥലം യുദ്ധകാലാടിസ്ഥാനത്തിൽ സ്വരൂപിച്ച് നൽകി. മഹല്ല് അംഗമായ 39 കാരനായ ആളംപറമ്പിൽ റഹീം എന്ന ചെറുപ്പക്കാരൻ ഹൃദയാഘാതം മൂലം മരണപ്പെട്ടപ്പോൾ ഈ കുടുംബത്തെ സഹായിക്കേണ്ട സാമൂഹ്യ ബാധ്യതയാണ് കമ്മിറ്റി നിർവ്വഹിച്ചതെന്ന് ഞങ്ങൾ വിലയിരുത്തുന്നു. ഏതാണ്ട് 9 ലക്ഷം രൂപയോളം റഹീമിന്റെ സ്വപ്നമായ ഒരു ഭവനമുണ്ടാക്കുന്നതിന് വേണ്ടി സ്വരൂപിക്കാൻ നമുക്കായി. അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് 3 സെന്റ് ഭൂമിയുടെ വിലയ്ക്ക് 5 സെന്റ് ഭൂമി നൽകാൻ ഹൃദയവിശാലതയുള്ള ഒരു സഹോദരി കാണിച്ച സൗമനസ്യം നമ്മുടെ പ്രവർത്തനങ്ങൾക്ക് കരുത്തായി. നിരവധി പേരുടെ സഹായങ്ങളുടെയും പ്രാർത്ഥനകളുടെയും ഫലമായി റഹീമിന്റെ കുടുംബത്തിന് ഒരു വീട് ഒരുങ്ങുകയാണ്. അവൻ ബാക്കി വെച്ചുപോയ സ്വപ്നം പോലെ. ഈ സദുദ്യമത്തിന് സഹായിച്ചവർക്കും സഹകരിച്ചവർക്കും നാഥൻ അർഹമായ പ്രതിഫലം നൽകട്ടെ....

കൊടുങ്ങല്ലൂർ ബൈപ്പാസിൽ ചേരമാൻ ജുമാ മസ്ജിദ് ജംഗ്ഷനിൽ ഒരു വെള്ളിയാഴ്ച വാഹനാപകടത്തിൽപെട്ട രണ്ട് അമുസ്ലീം സഹോദരങ്ങളുടെ അടിയന്തിര ശസ്ത്രക്രിയക്ക് വകയില്ലാതെ ബന്ധുക്കൾ നെട്ടോട്ടമോടുമ്പോൾ ജുമാ നമസ്കാരത്തിനെത്തിയ സഹോദരങ്ങൾ നൽകിയ സഹായം രണ്ട് ജീവനുകളെ ജീവിതത്തിലേക്ക് മടക്കികൊണ്ട് വരാൻ കഴിഞ്ഞത് നാട്ടിലേറെ ചർച്ചയായിരുന്നു. അത് മഹല്ലിന് ലഭിച്ച അംഗീകാരവും കൂടിയായി. കൂടാതെ മാരകരോഗികളായ നമ്മുടെ രണ്ട് മഹല്ലംഗങ്ങൾക്കും വെള്ളിയാഴ്ച പിരിവ് നടത്തി സഹായം നൽകിയിട്ടുണ്ട്.

ന്യൂനപക്ഷ സ്ഥാപനങ്ങൾക്ക് നേരെ പ്രത്യേകിച്ച് മുസ്ലീം പള്ളികൾക്ക് നേരെ നടക്കുന്ന സാമൂഹ്യവിരുദ്ധരുടെ അക്രമണങ്ങളിൽ മഹല്ല് കമ്മിറ്റി ശക്തമായി ഇടപെടുകയും

യഥാസമയം അധികാരസ്ഥാനങ്ങളിൽ നമ്മുടെ പ്രതിഷേധം അറിയിക്കുകയും ചെയ്തിട്ടുമുണ്ട്. കോതപറമ്പ് ജുമാമസ്ജിദ്, ആമണ്ടൂർ ഓളിപ്പള്ളി, വി.പി.തുരുത്ത് ചർച്ച് തുടങ്ങിയ സ്ഥാപനങ്ങൾ ഇക്കാലഘട്ടത്തിൽ സാമൂഹ്യവിരുദ്ധരുടെ ആക്രമണത്തിന് ഇരയായിട്ടുള്ളതാണ്. ഓളിയിൽ പള്ളിക്ക് നേരെയുള്ള ആക്രമണത്തിൽ കുറ്റവാളികളെ പിടികൂടുന്നതിന് നമ്മുടെ മഹല്ല് കമ്മിറ്റിയുടെ നേതൃത്വത്തിൽ ആക്ഷൻ കൗൺസിൽ രൂപീകരിച്ചിട്ടുള്ളതും നിയമനടപടികൾ ഉൾപ്പെടെയുള്ള എല്ലാ സമരമാർഗ്ഗങ്ങളും സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വിഷയത്തിൽ യഥാസമയത്തിലുള്ള നമ്മുടെ ഇടപെടലുകൾ ഇതരമഹല്ലുകളുടെ അംഗീകാരത്തിന് കാരണമായിട്ടുണ്ട്.

മാള ജുമാ മസ്ജിദ് ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിന് സംസ്ഥാന വഖഫ് ബോർഡ് നടത്തിയ തെരഞ്ഞെടുപ്പിന്റെ ചുമതല നമ്മുടെ മഹല്ല് പ്രസിഡന്റിനായിരുന്നു എന്നതും നമുക്ക് ലഭിച്ച അംഗീകാരമാണ്. സംസ്ഥാനത്ത് അറബിക് സർവ്വകലാശാല ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് സംസ്ഥാനത്തെ വിവിധ മുസ്ലീം സംഘടനകൾ സർക്കാരിലേക്ക് സമ്മർദ്ദം ചെലുത്തിയപ്പോൾ ചേരമാൻ മഹല്ലും അതിന്റെ ഉത്തരവാദിത്വം നിർവ്വഹിക്കുകയും വകുപ്പ് മന്ത്രി ഉൾപ്പെടെയുള്ളവർക്ക് നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്.

ഇന്ത്യൻ പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് തൃശൂരിൽ സംഘടിപ്പിച്ച കേരപെക്സ് എക്സിബിഷനിൽ ചേരമാൻ ജുമാ മസ്ജിദിന്റെ പോസ്റ്റൽ കവർ പ്രകാശനം ചെയ്തത് പോയ വർഷത്തിൽ ചേരമാൻ ജുമാ മസ്ജിദിന്റെ പ്രശസ്തിയെ ആവോളമുയർത്തിയ സംഭവമായിരുന്നു. പ്രകാശന വേളയിൽ തന്നെ രണ്ടായിരത്തിൽപരം കവറുകൾ വിൽപ്പനയായത് സംഘാടകരെ അതിശയിപ്പിച്ചു. പള്ളിയുടെ പോസ്റ്റൽ സ്റ്റാമ്പ് പ്രസിദ്ധീകരിക്കുന്നതിന് നമ്മുടെ നാളുകളായുള്ള ശ്രമങ്ങൾക്ക് ഇത് ഊർജ്ജം പകരുമെന്ന് വിശ്വസിക്കുന്നു.

റിപ്പോർട്ട് വർഷത്തിൽ നിരവധി മുതിർന്ന ഉദ്യോഗസ്ഥരും രാഷ്ട്രീയ നേതാക്കളും, മന്ത്രിമാരും, നയതന്ത്ര പ്രതിനിധികളും പള്ളി സന്ദർശിച്ചിട്ടുണ്ട്. കേന്ദ്ര ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ, ശ്രീലങ്കയുടെ ഇന്ത്യൻ ഹൈകമ്മീഷണർ, അമേരിക്കയിലെ മദീന യൂണിവേഴ്സിറ്റി വൈസ് ചാൻസലർ, സംസ്ഥാന ടൂറിസം വകുപ്പ് മന്ത്രി, ടൂറിസം സെക്രട്ടറി, കളക്ടർ, പോലീസ് മേധാവികൾ, അതിർത്തി സംരക്ഷണ സേന ഡയറക്ടർ തുടങ്ങിയവർ നമ്മുടെ പള്ളിയിലെത്തിയതിൽ പ്രമുഖരാണ്. പള്ളിയുടെ പേരും പെരുമയും ഉയരാനും വാർത്തകളിൽ ഇടംപിടിക്കുവാനും ഈ സന്ദർശനങ്ങൾകൊണ്ട് കഴിഞ്ഞിട്ടുണ്ട്. കേരള ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് കമാൽ പാഷെ അവർകളും പള്ളി സന്ദർശിക്കാനെത്തുകയും നമ്മുടെ പി.എസ്.സി. ട്രെയിനിംഗ് ക്ലാസിലെ വിദ്യാർത്ഥികളോട് സംവാദിക്കുകയുമുണ്ടായി. ഇന്ത്യയെ കാണാൻ മറ്റെങ്ങും പോകേണ്ടതില്ലെന്നും ഇവിടെ തനിക്ക് ഇന്ത്യയെ കണ്ടെത്താൻ കഴിഞ്ഞെന്നും ഈ സംസ്കാരത്തിന് മുന്നിൽ താൻ ശിരസ് നമിക്കുന്നതായും അദ്ദേഹം പറഞ്ഞത് നാം ബോധപൂർവ്വം വളർത്തികൊണ്ട് വന്ന മതേതര സംസ്കാരത്തിന് ലഭിച്ച അംഗീകാരമാണ്.

ഇന്ത്യൻ പ്രധാനമന്ത്രിയുടെ സൗദി അറേബ്യ സന്ദർശന വേളയിൽ സൗദി രാജാവിന് നൽകിയ ഉപഹാരം ചേരമാൻ ജുമാ മസ്ജിദിന്റെ ചെറിയ രൂപമായിരുന്നു എന്നത് ലോക മാധ്യമങ്ങളുടെ തലക്കെട്ടിൽ നിറഞ്ഞ് നിന്നിരുന്നു. ഒരിക്കൽകൂടി ലോക മാധ്യമങ്ങളുടെ ശ്രദ്ധയും ചർച്ചയും പുണ്യപുരാതനമായ അല്ലാഹുവിന്റെ ഈ ഭവനത്തിലേക്കായത് ഏതൊരു ഇന്ത്യാക്കാരനേയും അഭിമാനത്തിന്റെ നെറുകയിലേക്ക് ഉയർത്തുന്നതായിരുന്നു. ഒരു രാജ്യത്തെ പ്രതിനിധീകരിക്കാൻതക്ക ഔന്നിത്യം നമ്മുടെ പള്ളിക്കുണ്ട് എന്നത് ഈ മഹ

ല്ലിനെ സംബന്ധിച്ച് പ്രശസ്തിയുടെ ഉച്ചകോടിയിലെത്തുന്നതിന് തുല്യമാണ്. വളർച്ചയുടെയും പ്രശസ്തിയുടെയും പടവുകൾ കയറാൻ ഇനിയും നമ്മുടെ പള്ളിക്ക് കഴിയും അതിന് നിലമൊരുക്കലും നിലനിർത്തലുമാണ് ഭരണസമിതിയുടെ കടമ എന്ന തിരിച്ചറിവും, അതിന് ശ്രമിക്കുന്നതിനുള്ള മനസ്സും, മനസ്സാന്നിദ്ധ്യവും തന്ന അല്ലാഹുവിനെ ഞങ്ങൾ സ്തുതിക്കുന്നു. ഒട്ടനവധി നേട്ടങ്ങളിലൂടെ ഈ മഹല്ലിനെ നയിക്കുവാൻ കഴിഞ്ഞു എന്ന ചാരിതാർത്ഥ്യം ഞങ്ങൾക്കുണ്ട്. സമൂഹത്തിൽ ചേരമാൻ ജുമാ മസ്ജിദിന്റെ നാമം അരക്കിട്ടുറപ്പിക്കുവാനും രാജ്യത്ത് അതിനെ ശ്രദ്ധാകേന്ദ്രമാക്കുവാനുമുള്ള ചരിത്രനിയോഗത്തിൽ ഞങ്ങളെ പങ്കാളികളാക്കിയ നാഥന് സ്തുതി.

പ്രിയപ്പെട്ടവരെ ഒരു ഭരണസമിതിയുടെ കാലംകൂടി കടന്നുപോവുകയാണ്. എത്രകാലം ഭരിച്ചു എന്നതിനേക്കാളുപരി നീതിബോധത്തോടെയുള്ള ഒരു പരിപാലനം നടത്തിയിട്ടുണ്ടോ എന്നതിലാണ് വിജയം കുടികൊള്ളുന്നത്. അത് പരിശോധിക്കുവാൻ ഞങ്ങൾ സർവ്വശക്തനിലേക്ക് വിടുന്നു. പോരായ്മകളുടെ കുത്തൊഴുക്ക് തന്നെ ഞങ്ങളിൽ നിന്നുണ്ടായിട്ടുണ്ടാകാം. അത് ബോധപൂർവ്വമല്ലാത്തതിനാൽ സർവ്വശക്തൻ പൊറുക്കും എന്ന പ്രത്യാശയുമുണ്ട്. സമുദായം ഒരു പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ അതിനെ നയിക്കാൻ പ്രാപ്തമായവിധം ചേരമാൻ ജുമാ മസ്ജിദ് മഹല്ലിനെ പാകപ്പെടുത്തിയെടുക്കാൻ സർവ്വശക്തൻ അനുഗ്രഹിക്കട്ടെ.

മഹല്ല് കമ്മിറ്റിയുടെ പരിപാലന കാലഘട്ടത്തിൽ ഞങ്ങളെ സഹായിച്ച ഞങ്ങളോട് സഹകരിച്ച എല്ലാവരോടും പ്രത്യേകിച്ച് മഹല്ല് അഡ്വൈസറി കമ്മിറ്റി അംഗങ്ങൾ ജീവനക്കാർ പണ്ഡിതൻമാർ തുടങ്ങിയ എല്ലാവരോടും നന്ദി പറയുന്നു. മഹല്ല് കമ്മിറ്റിയുടെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്ന മഹല്ല് ഓഡിറ്റർമാരായ എൻ.എ. അലി, സി.എ. അബ്ദുൾ റഷീദ് എന്നിവരോടുള്ള നന്ദി വാക്കുകൾക്കപ്പുറത്താണ്. മഹല്ലിന്റെ കണക്കുകളുടെ ക്രമീകരണങ്ങളിൽ ഇവരുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും മുതൽകൂട്ടായിരുന്നു. വലിയ നേട്ടങ്ങളും ലാഭങ്ങളും ഇവരിൽ നിന്നും മഹല്ലിന് ലഭിച്ചതിന് കമ്മിറ്റി നന്ദി അറിയിക്കുന്നു. മഹല്ലിന്റെ വികസനത്തിന് അനിവാര്യമായ ഒട്ടനവധി നിർദ്ദേശങ്ങളും ഇവരിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നതും ഓർക്കുന്നു.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നിരന്തര പ്രവർത്തനങ്ങളിലൂടെ ഒരു വീഴ്ചയ്ക്കുപോലും പഴുതില്ലാത്തവിധം തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തീകരിച്ച് ഈ മഹല്ലിനെ മാതൃകയാക്കാൻ പ്രയത്നിച്ച റിട്ടേണിംഗ് ഓഫീസർ സി.വൈ. സലീം, അസി. റിട്ടേണിംഗ് ഓഫീസർ നവാസ് പടുവിങ്ങൽ എന്നിവർക്കും മഹല്ല് കമ്മിറ്റി നന്ദി രേഖപ്പെടുത്തുന്നു. മഹല്ലിന്റെ ജനാധിപത്യ സംവിധാനം കുറ്റമറ്റതാണെന്ന് ഉറപ്പിച്ചുപറയാൻ ഇവരിലൂടെ നമുക്കായിട്ടുണ്ട്. മഹല്ല് പൊതുയോഗ തീരുമാനങ്ങൾ നടപ്പാക്കുന്നതിന് മഹല്ല് കമ്മിറ്റിയെ ജാഗരൂഗരാക്കുന്നത് മഹല്ല് റിട്ടേണിംഗ് ഓഫീസർ, അസി. റിട്ടേണിംഗ് ഓഫീസർ, രണ്ട് ഓഡിറ്റർമാർ മഹല്ല് പ്രസിഡന്റ് എന്നിവരുൾപ്പെടുന്ന മോണിറ്ററിംഗ് കമ്മിറ്റിയാണ്. പലഘട്ടങ്ങളിലും പൊതുയോഗ തീരുമാനങ്ങളെ കുറിച്ച് ഓർമ്മപ്പെടുത്തി മഹല്ലിന്റെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകർന്ന ഇവർക്ക് കമ്മിറ്റി നന്ദി അറിയിക്കുന്നു. നാളുകളായ നമ്മുടെ ആഗ്രഹപ്രകാരം മഹല്ലിന് ഇപ്പോൾ സ്വന്തമായി ഒരു ആംബുലൻസുണ്ട്. മഹല്ലംഗമായ മുല്ലക്കര മജീദ് നൽകിയ ആംബുലൻസ് മഹല്ലിന് പ്രയോജനപ്പെടുമെന്നതിനാൽ അദ്ദേഹത്തിന് നന്ദി രേഖപ്പെടുത്തുന്നു.

നമ്മുടെ സമൂഹത്തിന്റേയും മഹല്ലിന്റേയും വിജയം കുടികൊള്ളുന്നത് കെട്ടുറപ്പിലും ഐക്യത്തിലുമാണ്. അത് നമ്മെ സമാനതകളില്ലാത്ത ഉന്നതിയിലേക്ക് നയിക്കും. ഒരേ

മനസ്സോടെ പ്രവർത്തിക്കുന്ന പതിനഞ്ചംഗ ഭരണസമിതിയാണ് കാലാവധി പൂർത്തിയാക്കുന്നത്. ഇനിയും വിജയങ്ങളുടെ പടവുകൾ കയറാൻ ഈ മഹല്ലിനെ തമ്പുരാൻ പ്രാപ്തമാക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ പ്രവർത്തന റിപ്പോർട്ട് മഹല്ലംഗങ്ങളുടെ ചർച്ചയ്ക്ക് സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ....
**എസ്.എ. അബ്ദുൽ ഖയ്യൂം** (സെക്രട്ടറി)
ചേരമാൻ ജുമാ മസ്ജിദ് മഹല്ല് കമ്മിറ്റി

## ചേരമാൻ ജുമാ മസ്ജിദ് 2015–2016 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ് പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

| നമ്പർ | ഇനം | പ്രതീക്ഷിച്ച | യഥാർത്ഥ | അധിക |
|---|---|---|---|---|
| 1 | മദ്രസ്സകൾ | 2,00,000 | 8,49,736 | 6,49,736.00 |
| 2 | ഇലക്ട്രിസിറ്റി | 2,20,000 | 3,23,427 | 1,03,427.00 |
| 3 | ശമ്പളം, അലവൻസ് | 39,00,000 | 42,84,993 | 3,84,993.00 |
| 4 | മദ്രസ്സ ഗ്രാന്റ് | 2,00,000 | 2,99,200 | 99,200.00 |
| 5 | ചികിത്സ | 1,25,000 | 1,56,200 | 31,200.00 |
| 6 | നികുതി | 1,00,000 | 6,98,841 | 5,98,841.00 |
| 7 | മഹല്ല് അംഗങ്ങൾക്കല്ലാത്ത സഹായം | 25,000 | 38,500 | 13,500.00 |
| 8 | മദ്രസ്സ ട്യൂഷൻ | 3,50,000 | 3,78,978 | 28,978.00 |
| 9 | ചരിത്രപുസ്തകം പ്രിന്റിംഗ് | 50,000 | 50,820 | 820.00 |
| 10 | നോമ്പുതുറക്കൽ | 3,00,000 | 3,77,136 | 77,136.00 |
| 11 | റാത്തീബ് | 25,000 | 36,657 | 11,657.00 |
| 12 | ടെലഫോൺ | 25,000 | 25,466 | 466.00 |
| 13 | യാത്ര | 25,000 | 30,681 | 5,681.00 |
| 14 | മെസ്സ് | 2,75,000 | 2,77,776 | 2,776.00 |
| 15 | നബിദിനാഘോഷം | 70,000 | 1,00,944 | 30,944.00 |
| | | | ആകെ | 20,39,355.00 |

**മഹല്ല് കമ്മറ്റിക്ക് വേണ്ടി,**
**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി, ചേരമാൻ മഹല്ല് കമ്മറ്റി

# മഹല്ല് മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട്

പ്രിയരെ, അസ്സലാമുഅലൈക്കും

പൊതുയോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധിക്കാൻ 01-06-2014 ൽ കൂടിയ മഹല്ല് പൊതുയോഗം റിട്ടേണിംഗ് ഓഫീസർ അദ്ധ്യക്ഷനായും, അസി. റിട്ടേണിംഗ് ഓഫീസർ രണ്ട് ഓഡിറ്റർമാർ മഹല്ല് പ്രസിഡന്റ് എന്നിവർ അംഗങ്ങളായും മോണിറ്ററിംഗ് സമിതിയെ നിയമിച്ചിട്ടുണ്ട്. 14-06-2015 ൽ കൂടിയ പൊതുയോഗത്തിൽ 5 വർഷത്തെ പൊതുയോഗ റിപ്പോർട്ടുകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിലുള്ള വി.പി. തുരുത്ത് മസ്ജിദിന് സമീപമുള്ള പള്ളിവക സ്ഥലത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ഇനിയും തുടങ്ങിയിട്ടില്ല. മഹല്ലിന്റെ സാമ്പത്തിക പ്രതിസന്ധിയാണ് ഇതിന്റെ കാരണമെന്ന കമ്മറ്റിയുടെ വിശദീകരണം സമിതി ഉൾക്കൊള്ളുന്നു.

14-06-2015ലെ പൊതുയോഗ തീരുമാനങ്ങളുടെ മിനിറ്റ്സ് പരിശോധിക്കുന്നതിന് 03-09-2015ൽ മോണിറ്ററിംഗ് കമ്മിറ്റി പ്രത്യേക യോഗം ചേരുകയും, താഴെ കാണുന്ന പൊതുയോഗ തീരുമാനങ്ങൾ നടപ്പിലാക്കിയത് സമിതിക്ക് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

1. റാത്തീബ് മാസം തോറും കൃത്യമായി നടത്തണമെന്ന തീരുമാനപ്രകാരം എല്ലാ മാസത്തെയും ആദ്യത്തെ വെള്ളിയാഴ്ച ഇപ്പോൾ റാത്തീബ് നടക്കുന്നുണ്ട്.
2. പള്ളിയുടെ മുൻവശത്തുകൂടിയുള്ള സ്ത്രീകളുടെ വരവ് പോക്ക് നിയന്ത്രിക്കുന്നത് സംബന്ധിച്ച് ചർച്ചയിൽ കമ്മിറ്റി പഠിച്ച് യുക്തമായ നടപടി സ്വീകരിക്കണമെന്ന തീരുമാനപ്രകാരം സെക്യൂരിറ്റി ജീവനക്കാർക്ക് കൂടി ശ്രദ്ധിയ്ക്കാവുന്ന വിധം പള്ളിയുടെ തെക്കേ മതിലിൽ പുതിയൊരു ഗെയിറ്റ് കൂടി സ്ഥാപിച്ചിട്ടുണ്ട്.
3. പള്ളിയുടെ വടക്കേപറമ്പ് ജോൺസ് ഹോണ്ട കമ്പനി അധികമായി ഉപയോഗിച്ച് വരുന്നത് ഒഴിവാക്കാൻ കമ്മിറ്റി നടപടി സ്വീകരിച്ചിട്ടുണ്ട്.
4. മഹല്ല് ഇതര സ്ഥാപനങ്ങളിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് അനുവദിക്കുന്ന സർട്ടിഫിക്കറ്റിന് മുമ്പായി മഹല്ല് കുടിശ്ശിക തീർക്കണമെന്ന തീരുമാനം പുനഃപരിശോധിക്കണമെന്ന ചർച്ചയിൽ ടി തീരുമാനം ഒഴിവാക്കിയതായും എന്നാൽ മഹല്ലിലേക്ക് നൽകുന്ന അപേക്ഷകളിൽ കുടിശ്ശിക തീർക്കുന്നത് കർശനമായി നടപ്പാക്കാൻ തീരുമാനിച്ചതായും കമ്മിറ്റി അറിയിച്ചിട്ടുണ്ട്.
5. മഹല്ലിൽ നടക്കുന്ന മരണങ്ങൾ മഹല്ലിന്റെ എല്ലാ നമസ്ക്കാരപ്പള്ളികളിലും അനൗൺസ് ചെയ്യണമെന്ന തീരുമാനം നടപ്പിലാക്കിയിട്ടുണ്ട്.
6. മസ്ജിദിന്റെ സുരക്ഷിതത്വത്തിന് സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കണമെന്ന പൊതുയോഗം അംഗീകരിച്ച ഓഡിറ്റ് നിർദ്ദേശം നടപ്പിലായിട്ടുണ്ട്.
7. പൊതുയോഗതീരുമാനപ്രകാരം വി.പി. തുരുത്ത് മദ്രസ്സയുടെ വിപുലീകരണം റിപ്പോർട്ട് വർഷത്തിൽ നടന്നിട്ടുണ്ട്.

മഹല്ല് മോണിറ്ററിംഗ് കമ്മറ്റിയ്ക്കുവേണ്ടി

**സി.വൈ. സലീം (ചെയർമാൻ)**

## ചേരമാൻ ജുമാ മസ്ജിദ് മഹല്ല് കമ്മറ്റിയുടെ
## 01-04-2015 മുതൽ 31-03-2016 വരെയുള്ള കാലയളവിലെ

# ഓഡിറ്റ് റിപ്പോർട്ട്

ചേരമാൻ ജുമാമസ്ജിദ് മഹല്ല് ഭരണസമിതിയുടെ ഒരു വർഷത്തെ വരവ് ചെലവ് കണക്കുകളും താഴെ പറയുന്ന രേഖകളും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി.

1. രശീതി ബുക്ക്, 2.വൗച്ചർ, 3. പേരേട്, 4. നാൾവഴി, 5. മഖ്ബറ കൂപ്പൺ, സ്റ്റോക്ക് രജിസ്റ്റർ
6. വിവാഹ സഹായനിധി, രശീതി, നാൾവഴി, വൗച്ചർ, 7. ബാങ്ക് പാസ്ബുക്ക്,
8. മിനിറ്റ്സ് ബുക്ക്, 9. ലോൺ രജിസ്റ്റർ, 10. വാടക രജിസ്റ്റർ, 11. ഗോൾഡ് രജിസ്റ്റർ
12. അക്വിറ്റൻസ് രജിസ്റ്റർ, 13. അറ്റന്റൻസ് രജിസ്റ്റർ, 14. രശീതി രജിസ്റ്റർ
15. സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത് എന്നിവയുടെ വൗച്ചർ, രശീതി, നാൾവഴി

മേൽരേഖകളെല്ലാം കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ചേർക്കുന്നു. പരിശോധിച്ച കണക്കുകളിൽ കാര്യമായ അപാകതകൾ ഇല്ല എന്നു പറയുന്നതിൽ സന്തോഷമുണ്ട്. ശ്രദ്ധയിൽപെട്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1. വൗച്ചർ നമ്പർ 1393/15 തിയ്യതി 11-09-2015 പ്രകാരം വി.പി. തുരുത്ത് മസ്ജിദിന്റെ മുൻവശം കോൺക്രീറ്റിംഗിന് വേണ്ടി 2270 രൂപ ചെലവ് ചെയ്ത് സാധനസാമഗ്രികളും അന്നേദിവസം തന്നെ 1394/15 പ്രകാരം 1400 രൂപ ഈ ആവശ്യത്തിന് കൂലിയും നൽകിയതായി കാണുന്നു. എന്നാൽ 2016 ഫെബ്രുവരി മാസത്തിൽ വിവിധ വൗച്ചറുകളിലായി മുൻവശത്തെ നിർമ്മാണപ്രവർത്തനങ്ങൾ പൊളിച്ചുനീക്കിയതായി കാണുന്നു. നിർമ്മാണപ്രവർത്തനങ്ങളിൽ ആവശ്യമായ ആസൂത്രണം ഉണ്ടായിരുന്നില്ല.

2. ബൈപ്പാസിൽ മസ്ജിദ് ജംഗ്ഷനിൽ ഗേറ്റ് സ്ഥാപിച്ചത് അഭിനന്ദനീയമാണ്. എന്നാൽ ഇതിനുള്ള ചെലവ് സ്പോൺസറിംങിലൂടെ കണ്ടെത്തേണ്ടതായിരുന്നു.

1. വി.പി. തുരുത്ത് മസ്ജിദിന്റെ മുകൾവശം ട്രസ്സ് ചെയ്ത് മദ്രസ്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിനാണ് മഹല്ല് പൊതുയോഗം തീരുമാനിച്ചിരുന്നതെങ്കിലും മുൻവശത്തെ ചില കൂട്ടിചേർക്കലുകൾ അപാകതയായി നിലനിൽക്കുന്നതിനാലാണ് മുൻവശത്തെ നിർമ്മാണങ്ങൾ പൊളിച്ച് മാറ്റിയത്. ഓഡിറ്റിൽ പറയുന്ന നിർമ്മാണങ്ങൾ നടക്കുമ്പോൾ മുൻവശം പൊളിക്കണമെന്ന തീരുമാനം കമ്മിറ്റിക്കുണ്ടായിരുന്നില്ല. മസ്ജിദിന്റെ പണി ഏറ്റവും ഭംഗിയായി പൂർത്തീകരിക്കുന്നതിന് വേണ്ടിയാണ് ടി നിർമ്മാണം പൊളിച്ച് നീക്കേണ്ടി വന്നത്.

2. സ്പോൺസറിംഗിലൂടെ ഗെയിറ്റ് സ്ഥാപിക്കുന്നതിനുള്ള സാവകാശം ഇക്കാര്യത്തിൽ നമുക്കുണ്ടായിരുന്നില്ല. എത്രയും വേഗം സ്ഥലം നഷ്ടപ്പെടാതെ ഗെയിറ്റ് സ്ഥാപിക്കൽ അനിവാര്യമായിരുന്നു. അതുകൊണ്ട് തന്നെ ഇപ്പോൾ ഈ സ്ഥലത്തിന് ചേരമാൻ ജുമാ മസ്ജിദ് ജംഗ്ഷൻ എന്ന പേര് ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| 3. കാവിൽകടവ് നമസ്ക്കാരപ്പള്ളി 15-07-2016 ലെ 8-ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം മഹല്ല് ഏറ്റെടുത്തതായി കാണുന്നു. മഹല്ല് പൊതുയോഗത്തിന്റെ അനുമതിയില്ലാതെ അതിപ്രധാനമായതും ഭാവിയിൽ ലക്ഷങ്ങൾ ചെലവ് വരുന്നതുമായ തീരുമാനം മഹല്ല് കമ്മിറ്റിയെടുത്തത് ശരിയായ നടപടിയല്ല. ടി നമസ്ക്കാരപള്ളിയിലെ 3 ജീവനക്കാർക്ക് മഹല്ലിൽ നിന്നും 4 മാസമായി ശമ്പളം നൽകിവരുന്നുണ്ട്. മഹല്ല് പൊതുയോഗത്തിന്റെ അനുമതിയില്ലാത്ത ഈ ചെലവുകൾ ഓഡിറ്റ് അംഗീകരിക്കുന്നില്ല. | 3. ടി ഓഡിറ്റ് പരാമർശത്തിനുള്ള വിശദീകരണം മഹല്ല് കമ്മിറ്റിയുടെ പ്രവർത്തന റിപ്പോർട്ടിൽ സവിസ്തരം പ്രദിപാദിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ഉദ്ദേശ ശുദ്ധിയെ കണക്കിലെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. |
| 4. മഹല്ല് അംഗങ്ങളായ വിദ്യാർത്ഥികൾക്ക് പഠന സഹായമായി 2,00,250 രൂപ സാമ്പത്തിക വർഷത്തിൽ ചിലവഴിച്ചിട്ടുണ്ട്. എം.ബി.ബി.എസ്. പോലുള്ള അധിക ചിലവ് വരുന്ന കോഴ്സിന് പ്രതിവർഷം 5000 രൂപയും, +1, +2 മുതലായ കോഴ്സുകൾക്ക് 2,000 രൂപയും നൽകി വരുന്നു. പ്രൊഫഷണൽ കോഴ്സുകൾക്ക് അർഹരായ വിദ്യാർത്ഥികൾക്ക് പരമാവധി ധന സഹായം ചെയ്യുന്നതിന് പകരം താരതമ്യേന ചിലവ് കുറഞ്ഞ കോഴ്സുകൾക്ക് അപേക്ഷകർക്കെല്ലാം ധനസഹായം ചെയ്യുന്ന രീതി പ്രോത്സാഹനജനകമല്ല. മഹല്ലിൽ നിന്ന് സാമ്പത്തിക സഹായം നൽകുന്നത് പാവപ്പെട്ട കുട്ടികൾക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. | 4. വിദ്യാഭ്യാസ സഹായം നൽകുന്നത് മഹല്ല് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമായി അർഹരായ വിദ്യാർത്ഥികൾക്കാണ്. പ്രൊഫഷണൽ കോഴ്സുകൾക്ക് നൽകുന്ന വിദ്യാഭ്യാസ സഹായം വർദ്ധിപ്പിക്കുന്നതിന് പൊതുയോഗത്തിന്റെ നിർദ്ദേശം പാലിക്കുന്നതാണ്. |
| 5. മേത്തല പറമ്പിക്കുളങ്ങര സ്ഥിതി ചെയ്യുന്ന മസ്ജിദുൽ ഹുദ & മദ്രസ്സ എന്ന സ്ഥാപനത്തിന് പൊതുയോഗ തീരുമാനപ്രകാരം പ്രതിവർഷം 15,000 രൂപയാണ് ഗ്രാന്റ് ഇനത്തിൽ നൽകേണ്ടത്. എന്നാൽ 2015-16 സാമ്പത്തിക വർഷത്തിൽ ടി മദ്രസ്സക്ക് 17,200 രൂപ നൽകിയിട്ടുണ്ട്. അധികം നൽകിയ സംഖ്യ തിരിച്ചു പിടിക്കേണ്ടതാണ്. | 5. അധികം നൽകിയ സംഖ്യ തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 6. 2015 മെയ് മാസം നടത്തിയ വിദ്യാർത്ഥികൾക്കായുള്ള കരിയർ ഗൈഡൻസ് ക്ലാസിന് 40,262 രൂപയോളം ചിലവഴിച്ചി | 6. മഹല്ലിലെ വിദ്യാർത്ഥികളുടെ ഭാവി വിദ്യാഭ്യാസത്തിന് ഒരു മാർഗ്ഗരേഖ നൽകാനും, സാമൂഹ്യ വിപത്തുകളിൽ നിന്ന് അവരെ |

| | |
|---|---|
| ട്ടുണ്ട്. കുട്ടികളിൽ നിന്നും ഫീസ് ഒന്നും ഈടാക്കാതെ ഭക്ഷണം ഉൾപ്പെടെയുള്ള ചിലവുകൾ മഹല്ല് ഫണ്ടിൽ നിന്നാണ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഘട്ടത്തിൽ ഇത്തരം ചിലവുകളിൽ നിയന്ത്രണം പാലിക്കേണ്ടതായിരുന്നു. | രക്ഷപ്പെടുത്തുന്നതിനുള്ള ബോധവൽക്കരണം നടത്തുന്നതിനുമാണ് ക്യാമ്പ് സംഘടിപ്പിച്ചത്. ക്യാമ്പിന്റെ ഗുണം കുട്ടികൾക്ക് ലഭിച്ചിട്ടുണ്ടെന്നാണ് കമ്മിറ്റിയുടെ ഉത്തമവിശ്വാസം. 150 ഓളം കുട്ടികളുടെ ഭക്ഷണം ക്ലാസ് നയിച്ചവർക്കുള്ള ഫീസ്, കുട്ടികൾക്കുള്ള ഫയൽ, സ്റ്റേഷനറി തുടങ്ങിയവ എല്ലാം ഇതിൽ ഉൾപ്പെടുന്നു. മഹല്ല് അംഗങ്ങൾക്ക് നൽകുന്ന സേവനത്തിന് ഫീസ് ഈടാക്കൽ നാളിതുവരെ ഇല്ലാത്തതാണ്. സാമ്പത്തിക കാര്യങ്ങളിൽ കമ്മിറ്റി പരമാവധി സൂക്ഷ്മത പുലർത്തുന്നുണ്ട്. |
| 7. യാത്രക്കാരായ സ്ത്രീകളുടെ നമസ്കാരത്തിനും സിയാറത്തിനും സൗകര്യം വർദ്ധിപ്പിക്കണമെന്ന 15-08-2015 ലെ 7-ാം നമ്പർ കമ്മിറ്റി തീരുമാനം അടിയന്തിര പ്രാധാന്യമുള്ളതായിട്ടും നടപ്പിലാക്കിയില്ല. | 7. ഈ സാമ്പത്തിക വർഷത്തിൽ ഇതിന് മുൻഗണന നൽകുന്നതാണ്. |
| 8. മസ്ജിദിൽ നടത്തിവരുന്ന റാത്തീബിന് പുറമെനിന്ന് ഭക്ഷണം വാങ്ങുന്ന സ്ഥിരം പതിവുണ്ട്. മതിയായ ജീവനക്കാരുള്ളതിനാൽ പുറമെ നിന്നുള്ള ഭക്ഷണം വാങ്ങൽ ഒഴിവാക്കേണ്ടതും ആവശ്യമായ ഭക്ഷണം മസ്ജിദ് മെസ്സിൽ പാകം ചെയ്ത് അനാവശ്യ ചിലവ് ഒഴിവാക്കേണ്ടതാണ്. | 8. ഓഡിറ്റ് പരാമർശ പ്രകാരം ആവശ്യമായ തീരുമാനം കമ്മിറ്റി എടുത്തിട്ടുണ്ട്. |
| 9. മസ്ജിദ് ജീവനക്കാരിൽ ചിലർ സ്ഥിരം ശമ്പളം അഡ്വാൻസ് വാങ്ങിവരുന്ന പ്രവണത കണ്ടുവരുന്നു. ഇത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. അത്യാവശ്യഘട്ടത്തിൽ കമ്മിറ്റിയെ ബോധ്യപ്പെടുത്തി അഡ്വാൻസിന് ആവശ്യപ്പെടുന്നത് ന്യായീകരിക്കാവുന്നതാണ്. എന്നാൽ എല്ലാ മാസവും ശമ്പളത്തിന്റെ 30 ശതമാനത്തോളം സംഖ്യ അഡ്വാൻസ് നൽകിവരുന്നത് കണക്ക് പരിശോധനയിൽ തടസ്സങ്ങളുണ്ടാക്കുന്നുണ്ട്. ശമ്പള അഡ്വാൻസ് നൽകുന്നതിൽ അപേക്ഷകളോ സെക്രട്ടറിയുടെ കുറിപ്പോ ഓഡിറ്റ് പരിശോധനയിൽ കാണാൻ കഴിഞ്ഞില്ല. | 9. മേലിൽ ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിയ്ക്കുന്നതാണ്. അത്യാവശ്യഘട്ടത്തിൽ അഡ്വാൻസ് നൽകേണ്ടി വരുകയാണെങ്കിൽ മഹല്ല് സെക്രട്ടറിയുടെ അനുമതി പ്രകാരം മാത്രമായിരിക്കും നൽകുക. |

| | |
|---|---|
| 10. ഇതര മഹല്ല് അംഗങ്ങൾക്കും സഹോദര സമുദായാംഗങ്ങൾക്കുമുള്ള ധനസഹായം പലപ്പോഴും ബഡ്ജറ്റ് പരിധി ലംഘിക്കുന്നതായി കാണുന്നു. ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധയുണ്ടാകണം. | 10. പരമാവധി ശ്രദ്ധിക്കുന്നതാണ്. |
| 11. മസ്ജിദ് വക കെട്ടിടങ്ങളുടെ വാടക പിരിയ്ക്കുന്നതിൽ ന്യായീകരണമർഹിക്കാത്ത വീഴ്ചയാണ് ബന്ധപ്പെട്ടവരിൽ നിന്നും ഉണ്ടായിട്ടുള്ളത്. കോടികൾ മുടക്കി നിർമ്മാണം നടത്തിയ ഉത്തരവാദിത്വ ബോധം വാടക പിരിയ്ക്കുന്നതിൽ കമ്മിറ്റി കാണിച്ചിട്ടില്ല. വാടക പിരിയ്ക്കുന്നതിന് 22-02-2016 ൽ കൂടിയ മഹല്ല് കമ്മിറ്റി യോഗം 9-ാം നമ്പറായി നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഉപസമിതിയെ ചുമതലപെടുത്തിയിട്ടുണ്ട്. എന്നിട്ടുപോലും ഇക്കാര്യത്തിൽ ആവശ്യമായ പുരോഗതി ഉണ്ടായിട്ടില്ല. വാടക പിരിയ്ക്കുന്നതിൽ കമ്മിറ്റി കാണിച്ച അനാസ്ഥ മഹല്ല് പരിപാലനത്തിന്റെ വീഴ്ചയായി തന്നെ കാണേണ്ടതാണ്. | 11. പുതുതായി പണിതീർത്ത ചേരമാൻ മസ്ജിദ് പ്ലാസയിലെ വാടകക്കാരുടെ വാടക ഈടാക്കുന്നതിലാണ് വീഴ്ച സംഭവിച്ചിട്ടുള്ളത്. പുതിയ ഷോപ്പിംഗ് കോംപ്ലക്സ് ആയതിനാൽ കച്ചവടം വളരെ ശുഷ്കമായാണ് നടക്കുന്നത്. അതുകൊണ്ട് തന്നെ വാടക അടയ്ക്കാൻ വാടകക്കാർക്ക് പലപ്പോഴും കഴിയാതെ വരുന്നുണ്ട്. മഹല്ല് കമ്മിറ്റിയിൽ നിന്ന് നിരന്തര സമ്മർദ്ദങ്ങളും നോട്ടീസുകളും വാടകക്കാർക്ക് നൽകുന്നുണ്ടെങ്കിലും പുതിയ കച്ചവടക്കാരുടെ സാമ്പത്തിക പരാധീനത വാടക വീഴ്ചയ്ക്ക് കാരണമായിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ വാടക കുടിശിക മുഴുവൻ പിരിച്ചെടുക്കുവാൻ കമ്മിറ്റി ഉപസമിതിയെ നിശ്ചയിച്ചിട്ടുണ്ട്. മേലിൽ വീഴ്ച വരുത്താതെ വാടക പിരിക്കുന്നതാണ്. കൂടാതെ വാടക മുടക്കം വരുന്നവരിൽ നിന്നും മുറി ഒഴിപ്പിച്ചെടുക്കുന്നതിന് നിയമനടപടികൾ സ്വീകരിക്കാനും കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. |
| 12. മഹല്ലിന്റെ സമൂഹവിവാഹപദ്ധതിയുടെ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കൊടുങ്ങല്ലൂർ ബ്രാഞ്ചിലാണുള്ളത്. ടി അക്കൗണ്ടിൽ നിന്ന് മഹല്ല് കമ്മറ്റിയെ അറിയിക്കാതെ 24,417 രൂപ 12-09-2015 ൽ ബാങ്ക് പിൻവലിച്ചതായി കാണുന്നു. മഹല്ല് കമ്മിറ്റിയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്ന് ടി കാര്യത്തിൽ മഹല്ല് കമ്മിറ്റി ബന്ധപ്പെട്ട ബാങ്കിന് നോട്ടീസ് നൽകിയതായും കാണുന്നു. സ്ഥാപനങ്ങളുടെ എസ്.ബി. അക്കൗണ്ടിൽ ആദായം നിക്ഷേപിക്കരുതെന്ന ബാങ്ക് ആഡിറ്റ് നിർദ്ദേശപ്രകാരമാണ് ടി സംഖ്യ പിൻപലിച്ചിട്ടുള്ളതെന്നാണ് ബാങ്ക് നൽകിയ വിശദീകരണം. മറ്റ് | 12. മഹല്ലിന്റെ സമൂഹ വിവാഹ പദ്ധതിയുടെ അക്കൗണ്ടിലെ ബാങ്കാദായം 24,417 രൂപ ബാങ്ക് മഹല്ല് കമ്മിറ്റിയെ അറിയിക്കാതെ പിൻവലിച്ച പരാമർശം ശരിയാണ്. ടി കാര്യത്തിൽ മഹല്ല് കമ്മിറ്റിയിൽ നിന്ന് ബാങ്കിന് നോട്ടീസ് അയച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ എസ്.ബി. അക്കൗണ്ടിലെ ആദായം നൽകരുതെന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമാണ് പണം പിൻവലിച്ചതെന്നാണ് ബാങ്ക് നൽകുന്ന വിശദീകരണം. എന്നാൽ വിശദീകരണം മഹല്ല് കമ്മിറ്റിക്ക് തൃപ്തികരമല്ലാത്തതിനാൽ ബാങ്കിനെതിരെ നിയമനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ |

ബാങ്കുകൾ ഒന്നും ചെയ്യാത്ത ഈ പ്രവൃത്തി ന്യായീകരിക്കാൻ ആവത്തതാണ്. പിൻവലിച്ച മേൽ സംഖ്യ തിരിച്ച് ഈടാക്കുന്നതിന് മഹല്ല് കമ്മിറ്റി ആവശ്യമായ നിയമനടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്.

പിൻവലിച്ച സംഖ്യ തിരിച്ചു നൽകാമെന്ന് ബ്രാഞ്ച് മാനേജർ കമ്മിറ്റിയെ അറിയിച്ചിട്ടുള്ളതിനാൽ തൽക്കാലം തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. പണം തിരിച്ച് ലഭിക്കാത്ത പക്ഷം എല്ലാ നിയമ നടപടികളും ബാങ്കിനെതിരെ സ്വീകരിക്കുമെന്ന് അറിയിക്കുന്നു.

## ഓഡിറ്റ് നിർദ്ദേശങ്ങൾ

1. യാത്രക്കാരായ സ്ത്രീകളുടെ നമസ്ക്കാരത്തിനും സിയാറത്തിനും വിപുലമായ സൗകര്യം ഏർപ്പെടുത്താനുള്ള മഹല്ല് കമ്മിറ്റി തീരുമാനം അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

2. പഠനസഹായത്തിന് അപേക്ഷിച്ച എല്ലാവർക്കും സഹായം നൽകുന്ന സമ്പ്രദായം ഒഴിവാക്കണം. ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന 60%ത്തിലധികം യോഗ്യതാ മാർക്ക് നേടിയ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് മാത്രമായി പഠന സഹായം പരിമിതപ്പെടുത്തേണ്ടതാണ്. മെറിറ്റടിസ്ഥാനത്തിൽ പ്രൊഫഷണൽ കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള കുട്ടികൾക്കുള്ള വിദ്യാഭ്യാസസഹായം മാന്യമായി വർദ്ധിപ്പിക്കേണ്ടതാണ്.

3. വാടക അടയ്ക്കുന്നവരിൽ വീഴ്ച വരുത്തുന്നവരിൽ നിന്ന് പിഴ ഈടാക്കുകയും ആയത് മഹല്ലിന്റെ ചാരിറ്റി ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

4. മഹല്ലിന്റെ പൊതുതാല്പര്യ ഫണ്ടിനുള്ളിൽ നിന്നുകൊണ്ട് തന്നെ ഇതര മഹല്ല്-സഹോദര സമുദായങ്ങൾക്കുള്ള ധനസഹായം നൽകേണ്ടതാണ്.

5. പള്ളിവക ഷോപ്പിംഗ് കോപ്ലക്സുകളുടെ ടറസ് ട്രസ്സ് വർക്ക് ചെയ്ത് കെട്ടിടത്തിന് സുരക്ഷിതത്വം ഉണ്ടാക്കുന്നതോടൊപ്പം വാടകയ്ക്ക് നൽകി വരുമാനം വർദ്ധിപ്പിക്കണമെന്ന കഴിഞ്ഞ വർഷത്തെ ഓഡിറ്റ് നിർദ്ദേശത്തിൽ, പള്ളിവക ഷോപ്പിംഗ് കോംപ്ലക്സിന്റെ ടെറസിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. മസ്ജിദ് പ്ലാസയുടെ ടെറസ് ട്രസ്സ് വർക്ക് ചെയ്തതുപോലെ ഷോപ്പിംഗ് കോപ്ലംക്സിന്റെ മുകളിലും ട്രസ്സ് ചെയ്ത് കെട്ടിടത്തിന് സുരക്ഷിതത്വം ഉണ്ടാക്കുവാനും വാടകയ്ക്ക് കൊടുത്ത് മഹല്ലിന് വരുമാനമുണ്ടാക്കേണ്ടതുമാണ്.

   കഴിഞ്ഞ 3 വർഷത്തെ അക്ഷീണ പ്രയത്നംകൊണ്ടും സാമ്പത്തിക പ്രതിസന്ധികൾ തരണം ചെയ്തും മഹല്ലിന് എക്കാലത്തെയും വരുമാനസ്രോതസ്സായ ചേരമാൻ മസ്ജിദ് പ്ലാസയുടെ നിർമ്മാണം പൂർത്തീകരിച്ച മഹല്ല് കമ്മിറ്റിയെ പ്രത്യേകം അഭിനന്ദിക്കുന്നു.

ഓഡിറ്റേഴ്സ്

**എൻ.എ. അലി** (ഒപ്പ്)

**സി.എ. അബ്ദുൾ റഷീദ്** (ഒപ്പ്)

# ചേരമാൻ ജുമാ മസ്ജിദ് ഭരണസമിതി

## വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2015-2016

| നമ്പർ | വരവ് | സംഖ്യ | നമ്പർ | ചെലവ് | സംഖ്യ |
|---|---|---|---|---|---|
| 1. | സംഭാവന | 22,35,187.00 | 1. | നികുതി | 6,98,841.00 |
| 2. | ലേലം | 3,71,921.00 | 2. | വിദ്യാഭ്യാസ സഹായം | 2,42,512.00 |
| 3. | ഭണ്ഡാരം | 35,26,438.00 | 3. | പുരപണി സഹായം | 70,500.00 |
| 4. | മഖ്ബറ | 35,91,538.00 | 4. | ചെക്ക് കമ്മീഷൻ | 45.00 |
| 5. | വരിസംഖ്യ | 3,33,300.00 | 5. | മസ്ജിദ് പേരിൽ | 6,91,315.00 |
| 6. | വിവാഹഫോറം | 1,100.00 | 6. | ഇലക്ട്രിസിറ്റി | 3,23,427.00 |
| 7. | വിവാഹഫീസ് | 55,000.00 | 7. | വിവാഹ സഹായം | 1,60,000.00 |
| 8. | മെമ്പർഷിപ്പ് ഫീസ് | 1,200.00 | 8. | മദ്രസ്സകൾക്ക് നൽകിയ ഗ്രാന്റ് | 2,99,200.00 |
| 9. | സർട്ടിഫിക്കറ്റ് ഫീസ് | 1,800.00 | 9. | ശമ്പളം | 39,61,910.00 |
| 10. | വാടക | 20,64,181.00 | 10. | കൊമേഴ്സ്യൽ കോംപ്ലക്സ് | 44,14,387.00 |
| 11. | വെളിച്ചെണ്ണ വിറ്റുവരവ് | 2,21,998.00 | 11. | റംസാൻ അലവൻസ് | 3,23,083.00 |
| 12. | പറമ്പിൽ നിന്നുള്ള വരവ് | 5,950.00 | 12. | പറമ്പ് പേരിൽ | 21,324.00 |
| 13. | മരണാനന്തര സഹായ ഫണ്ട് | 3,57,065.00 | 13. | മരണാനന്തര സഹായഫണ്ട് | 3,33,336.00 |
| 14. | പൊതുതാൽപര്യഫണ്ട് | 15,591.00 | 14. | മഹല്ല് അംഗങ്ങളല്ലാത്തവർക്കുള്ള സഹായം | 38,500.00 |
| 15. | ക്യാഷൻ ഡെപ്പോസിറ്റ് | 8,65,000.00 | 15. | ക്യാഷൻ ഡെപ്പോസിറ്റ് റീഫണ്ട് | 6,75,000.00 |
| 16. | ചരിത്ര പുസ്തകം വിൽപ്പന | 44,160.00 | 16. | റാത്തീബ് | 36,657.00 |
| 17. | റാത്തീബ് | 21,002.00 | 17. | കോട്ടപ്പുറം മസ്ജിദ് & മദ്രസ്സ | 55,790.00 |
| 18. | കോട്ടപ്പുറം മദ്രസ്സ | 13,715.00 | 18. | അഞ്ചപ്പാലം മദ്രസ്സ | 67,763.00 |
| 19. | അഞ്ചപ്പാലം മദ്രസ്സ | 2,535.00 | 19. | വി.പി. തുരുത്ത് മദ്രസ്സ | 6,99,592.00 |
| 20. | വി.പി. തുരുത്ത് മദ്രസ്സ | 88,095.00 | 20. | ജീവനക്കാർക്ക് നൽകിയ ലോൺ | 1,15,000.00 |
| 21. | ലോൺ തിരിച്ചടവ് | 1,23,000.00 | 21. | നോമ്പ് തുറക്കൽ | 3,77,136.00 |
| 22. | നോമ്പ്തുറക്കൽ | 4,12,022.00 | 22. | നബിദിനാഘോഷം | 100,944.00 |
| 23. | വിദേശ കറൻസി മാറിയത് | 44,620.00 | 23. | മെസ്സ് | 2,77,776.00 |
| 24. | സ്വർണ്ണംവിറ്റുവരവ് | 61,304.00 | 24. | വിശ്രമകേന്ദ്രം | 11,000.00 |
| 25. | വിവാഹ സെസ്സ് | 1,79,500.00 | 25. | മദ്രസ്സ ട്യൂഷൻ | 3,78,978.00 |
| 26. | വിശ്രമകേന്ദ്രം | 2,35,650.00 | 26. | കടുക്കച്ചുവട് മദ്രസ്സ | 8,370.00 |
| 27. | നിർമ്മാണപ്രവർത്തനങ്ങൾക്ക് വാങ്ങിയ ലോൺസംഖ്യ | 4,00,000.00 | 27. | ലോകമലേശ്വരം മദ്രസ്സ | 5,881.00 |
| | | | 28. | ടി.കെ.എസ്. പുരം മദ്രസ്സ | 12,287.00 |
| 28. | നിർമ്മാണ പ്രവർത്തനങ്ങൾക്ക് സമൂഹ വിവാഹ ഫണ്ടിൽ നിന്ന് അഡ്വാൻസ് | 10,00,000.00 | 29. | വി.ഐ.പി. സന്ദർശനം | 8,874.00 |
| | | | 30. | ഹെൽത്ത് കെയർ ഇൻസ്റ്റിറ്റ്യൂട്ട് സംഭാവന | 6,500.00 |
| | | | 31. | ചികിത്സാ സഹായം | 1,56,200.00 |
| 29. | തബ്ശീറുൽ ഇസ്ലാം മദ്രസ്സ | 3,510.00 | 32. | വഖഫ് ബോർഡ് | 1,42,273.00 |
| 30 | ആംബുലൻസ് | 4,150.00 | 33. | പൊതുയോഗം | 63,870.00 |
| 31. | കടുക്കച്ചുവട് മദ്രസ്സ | 842.00 | 34. | യാത്രാ ചിലവ് | 30,681.00 |

# ചേരമാൻ ജുമാ മസ്ജിദ് ഭരണസമിതി

## വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2015-2016

| നമ്പർ | വരവ് | സംഖ്യ | നമ്പർ | ചെലവ് | സംഖ്യ |
|---|---|---|---|---|---|
| 32. | പി.എസ്.സി. ട്രെയിനിംഗ് ക്ലാസ് | 57,000.00 | 35. | ടെലഫോൺ | 25,466.00 |
| 33. | ടി.കെ.എസ്. പുരം മദ്രസ്സ | 11,899.00 | 36. | പെൻഷൻ പദ്ധതി | 1,63,200.00 |
| 34. | ഇസ്ലാമിക പൈതൃകമ്യൂസിയം | 1,47,000.00 | 37. | പത്രം | 576.00 |
| 35. | ഉളുഹിയത്ത് അഡ്വാൻസ് റീഫണ്ട് | 6,25,000.00 | 38. | പോസ്റ്റ് പ്രിന്റിംഗ് സ്റ്റേഷനറി | 1,14,769.00 |
| | | | 39. | ഇസ്ലാമിക ഹെറിറ്റേജ് മ്യൂസിയം | 1,80,000.00 |
| | | | 40. | പി.എസ്.സി. ട്രെയിനിംഗ് ക്ലാസ് | 72,000.00 |
| | | | 41. | മസ്ജിദ് പെയിന്റിംഗ് | 5,185.00 |
| | | | 42. | നിർമ്മാണപ്രവർത്തനങ്ങൾക്ക് | |
| | | | | വാങ്ങിയ വായ്പ തിരിച്ച് നൽകിയത് | 10,00,000.00 |
| | | | 43. | ആംബുലൻസ് | 5,200.00 |
| | | | 44. | കെട്ടിടം അറ്റകുറ്റപണികൾ | 4,970.00 |
| | | | 45. | ലൈബ്രറി | 700.00 |
| | | | 46. | ഉഴുവത്ത്കടവ് മസ്ജിദ് | 1,90,000.00 |
| | | | 47. | ഉളുഹിയത്ത് അഡ്വാൻസ് | 6,25,000.00 |
| | | | 48. | കാവിൽകടവ് മസ്ജിദ് | 53.00 |
| | | | 49. | ചരിത്രപുസ്തകം പ്രിന്റിംഗ് | 50,820.00 |
| | ആകെ വരവ് | 1,71,22,273.00 | | ആകെ ചെലവ് | 1,72,46,891.00 |
| | Opening Cash Balance 01-04-15 | 2,133.00 | | Closing Cash Balance 31-03-16 | 4,578.00 |
| | Opening Bank Balance 01-04-15 | 2,81,412.00 | | Closing Bank Balance 31-03-16 | 1,54,349.00 |
| | | 1,74,05,818.00 | | | 1,74,05,818.00 |

# CHERAMAN JUMA MASJID, KODUNGALLUR

Bank Report as on 31.03.2016

| S.L. No. | Bank Name | Account No. | Amount |
|---|---|---|---|
| 1. | Town Co-operative Bank Evening Branch | 1654 | 2,137.00 |
| 2. | Indian Bank | 512068809 | 11,329.00 |
| 3. | Methala Service Bank | 2766 | 52,860.00 |
| 4. | Canara Bank | 136359 | 5,174.00 |
| 5 . | HDFC, Kottappuram | 15441770000010 | 46,789.00 |
| 6 . | Federal Bank | 13880100108992 | 36,060.00 |
| | **Total** | | **1,54,349.00** |

ഓഡിറ്റേഴ്സ്

**സി.എ. അബ്ദുൾ റഷീദ്** (ഒപ്പ്) **എൻ.എ. അലി** (ഒപ്പ്)

# ചേരമാൻ ജുമാ മസ്ജിദ് ഭരണസമിതി

## വുളുഹിയത്ത് വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2015-2016

| | | | |
|---|---|---|---|
| ഷെയർ വിഹിതം | 10,21,714.00 | 20 ബലി മൃഗങ്ങളുടെ വില | 8,33,000.00 |
| എല്ല്, തുകൽ വില്പന | 26,000.00 | മൃഗങ്ങളെ കൊണ്ടുവന്നതുൾപ്പെടെ വാഹന വാടക | 5,850.00 |
| മുൻ ബാലൻസ് | 124.40 | വൈക്കോൽ, തവിട്, കയർ, മരുന്ന് | 54,429.00 |
| സമൂഹവിവാഹത്തിൽ നിന്നും അഡ്വാൻസ് | 1,75,000.00 | മൃഗപരിപാലനം | 26,000.00 |
| മസ്ജിദ് ഫണ്ടിൽ നിന്നും വരവ് | 6,25,000.00 | അറവ് കൂലി, പാക്കിംഗ് | 81,500.00 |
| | | പന്തൽ, ലൈറ്റ്, കിറ്റ്, ഭക്ഷണം എന്നിവ | 13,317.00 |
| | | എല്ല്, തുകൽ വില്പന സംഖ്യ, സമൂഹ വിവാഹ ഫണ്ടിലേക്ക് നൽകിയത് | 26,000.00 |
| | | വേസ്റ്റ് നീക്കം ചെയ്യൽ, കുഴിയെടുക്കൽ, ക്ലീനിംഗ് | 7,600.00 |
| | | മസ്ജിദ് ഫണ്ടിലേക്ക് തിരിച്ചടവ് | 6,25,000.00 |
| | | സമൂഹവിവാഹ ഫണ്ടിലേക്ക് തിരിച്ചടവ് | 1,75,000.00 |
| | | നീക്കിയിരിപ്പ് | 142.40 |
| **ആകെ** | **18,47,838.40** | **ആകെ** | **18,47,838.40** |

## സക്കാത്ത് വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2015-2016

| | | | |
|---|---|---|---|
| സക്കാത്ത് ശേഖരണം | 2,32,041.00 | സക്കാത്ത് വിതരണം 404 x 500 | 2,02,000.00 |
| | | പുരപണി സഹായത്തിന് നൽകിയത് | 30,000.00 |
| | | നീക്കിയിരിപ്പ് | 41.00 |
| **ആകെ** | **2,32,041.00** | **ആകെ** | **2,32,041.00** |

## ഫിത്തർ സക്കാത്ത് വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2015-2016

| | | | |
|---|---|---|---|
| ഫിത്വർ സക്കാത്ത് ശേഖരണം | 1,21,410.00 | അരി വില | 1,14,484.00 |
| ചാക്ക് വിൽപ്പന | 220.00 | അരി ഇറക്കിയ കൂലി, വാഹന വാടക | 3,210.00 |
| മുൻ ബാലൻസ് | 120.00 | കിറ്റ്, പാക്കിംഗ് | 4,000.00 |
| | | നീക്കിയിരിപ്പ് സംഖ്യ | 56.00 |
| | | | |
| **ആകെ** | **1,21,750.00** | **ആകെ** | **1,21,750.00** |

## സമൂഹ വിവാഹം വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2015-2016

| | | | |
|---|---|---|---|
| ബക്കറ്റ് കളക്ഷൻ | 2,55,630.00 | 7 കുട്ടികളുടെ വിവാഹത്തിനുള്ള സഹായം | 7,00,000.00 |
| സംഭാവന | 10,10,000.00 | മസ്ജിദ് ഫണ്ടിലേക്ക് അഡ്വാൻസ് | 10,00,000.00 |
| എല്ല് തുകൽ വില്പനയിൽ വരവ് | 26,000.00 | ഉളുഹിയത്ത് അഡ്വാൻസ് | 1,75,000.00 |
| ബാങ്ക് ആദായം | 8,196.00 | ബാങ്ക് ആദായം മസ്ജിദ് പൊതുതാല്പര്യഫണ്ടിലേക്ക് | 8,196.00 |
| ഓപ്പണിംഗ് ബാങ്ക് ബാലൻസ് 1-04-2015 | 4,71,323.00 | | |
| ഉളുഹിയത്ത് റീഫണ്ട് | 1,75,000.00 | അക്കൗണ്ടിൽ നിന്ന് ബാങ്ക് പിൻവലിച്ചത് | 24,417.00 |
| മുൻബാലൻസ് | 128.00 | ചെക്ക് കമ്മീഷൻ | 11.00 |
| | | ബാലൻസ് നിക്ഷേപം | 38,653.00 |
| | | | |
| **ആകെ** | **19,46,277.00** | **ആകെ** | **19,46,277.00** |

ഓഡിറ്റേഴ്സ്

**സി.എ. അബ്ദുൾ റഷീദ്** (ഒപ്പ്)    **എൻ.എ. അലി** (ഒപ്പ്)

| | ബഡ്ജറ്റ് വിശകലനം 2015 – 2016 | | | | | ബഡ്ജറ്റ് 2016 – 2017 | |
|---|---|---|---|---|---|---|---|
| | ഇനം | പ്രതീക്ഷിച്ച വരവ് | യഥാർത്ഥ വരവ് | പ്രതീക്ഷിച്ച ചെലവ് | യഥാർത്ഥ ചെലവ് | പ്രതീക്ഷിക്കുന്ന വരവ് | പ്രതീക്ഷിക്കുന്ന ചെലവ് |
| 1 | സംഭാവന | 25,00,000 | 22,32,187 | | | 25,00,000 | |
| 2 | ഭണ്ഡാരം | 40,00,000 | 35,26,438 | | | 35,00,000 | |
| 3 | മഖ്ബറ | 30,00,000 | 35,91,538 | | | 40,00,000 | |
| 4 | ലേലം | 4,00,000 | 3,71,921 | | | 4,00,000 | |
| 5 | വെളിച്ചെണ്ണ വിറ്റ് വരവ് | 4,00,000 | 2,21,998 | | | 2,50,000 | |
| 6 | പറമ്പ് | 15,000 | 5,950 | | | 10,000 | |
| 7 | നോമ്പ്തുറക്കൽ | 3,00,000 | 4,12,022 | 3,00,000 | 3,77,136 | 4,00,000 | 4,00,000 |
| 8 | വാടക | 25,00,000 | 20,64,181 | | | 25,00,000 | |
| 9 | വരിസംഖ്യ | 1,00,000 | 3,33,300 | | | 1,50,000 | |
| 10 | വിവാഹഫീസ് | 45,000 | 55,000 | | | 50,000 | |
| 11 | മെമ്പർഷിപ്പ് ഫീസ് | 1,500 | 1,200 | | | 1,500 | |
| 12 | പി.എസ്.സി. ട്രെയിനിംഗ് ക്ലാസ് | 72,000 | 57,000 | 72,000 | 72,000 | 72,000 | 72,000 |
| 13 | വിവാഹഫോറം | 900 | 1,100 | | | 1,000 | |
| 14 | സർഫിക്കറ്റ് ഫീസ് | 1,500 | 1,800 | | | 1,500 | |
| 15 | റാത്തീബ് | 25,000 | 21,002 | 25,000 | 36,657 | 30,000 | 30,000 |
| 16 | പൊതുതാല്പര്യഫണ്ട് | 25,000 | 15,591 | | | 20,000 | |
| 17 | മദ്രസ്സകൾ | | | 2,00,000 | 8,49,736 | 15,000 | 5,00,000 |
| 18 | മസ്ജിദ് | | | 7,00,000 | 6,91,315 | | 7,00,000 |
| 19 | ശമ്പളം, അലവൻസ് | | | 39,00,000 | 42,84,993 | | 47,00,000 |
| 20 | ഇലക്ട്രിസിറ്റി | | | 2,20,000 | 3,23,427 | | 2,50,000 |
| 21 | ടെലഫോൺ | | | 25,000 | 25,466 | | 25,000 |
| 22 | യാത്ര | | | 25,000 | 30,681 | | 25,000 |
| 23 | മദ്രസ്സ ഗ്രാന്റ് | | | 2,00,000 | 2,99,200 | | 3,00,000 |
| 24 | ചികിത്സാ സഹായം | | | 1,25,000 | 1,56,200 | | 1,50,000 |
| 25 | വിവാഹ സഹായം | | | 2,50,000 | 1,60,000 | | 2,00,000 |
| 26 | പുരപണി സഹായം | | | 1,00,000 | 70,500 | | 1,00,000 |
| 27 | കൊമേഴ്സ്യൽ കോംപ്ലക്സ് | | | 45,00,000 | 44,14,387 | | |
| 28 | പഠന സഹായം | | | 3,00,000 | 2,42,512 | | 3,00,000 |
| 29 | പോസ്റ്റ് പ്രിന്റിംഗ് സ്റ്റേഷനറി | | | 1,50,000 | 1,14,769 | | 1,50,000 |
| 30 | മെസ്സ് | | | 2,75,000 | 2,77,776 | | 2,80,000 |
| 31 | നബിദിനാഘോഷം | | | 70,000 | 1,00,944 | | 1,00,000 |
| 32 | ഉഴുവത്ത്കടവ് മസ്ജിദ് | | | 3,00,000 | 1,90,000 | | 1,10,000 |
| 33. | മഹല്ല് പൊതുയോഗം | | | 70,000 | 63,870 | | 70,000 |
| 34. | കേരള വഖഫ് ബോർഡ് | | | 2,50,000 | 1,42,273 | | 2,50,000 |
| 35 | നികുതി | | | 1,00,000 | 6,98,841 | | 3,00,000 |
| 36 | ചെക്ക് കമ്മീഷൻ | | | 500 | 45 | | 100 |
| 37 | മരണാനന്തര സഹായഫണ്ട് | 2,75,000 | 3,57,065 | 2,75,000 | 3,33,336 | 3,00,000 | 3,00,000 |
| 38 | പത്രം | | | | 576 | | |
| 39 | ചരിത്രപുസ്തകം | 50,000 | 44,160 | 50,000 | | 50,000 | 50,000 |
| 40 | വിശ്രമകേന്ദ്രം | 2,00,000 | 2,35,650 | | 11,000 | 2,50,000 | 25,000 |
| 41 | മഹല്ലംഗങ്ങൾക്കല്ലാത്ത സഹായം | | | 25,000 | 38,500 | | 30,000 |
| 42 | മദ്രസ്സ ട്യൂഷൻ | 7,00,000 | | 3,50,000 | 3,78,978 | | 4,00,000 |
| 43. | ബിൽഡിംഗ് മെയിന്റനൻസ് | | | 25,000 | 4,970 | | 25,000 |
| 44. | പെൻഷൻ | | | 1,80,000 | 1,50,300 | | 1,80,000 |
| 45. | വിദേശകറൻസി, സ്വർണ്ണം വിൽപ്പന | 75,000 | 1,05,924 | | | 1,00,000 | |
| 46. | ലോൺ തിരിച്ചുനൽകൽ | | | | | | 25,00,000 |
| 47. | കരുതൽ സംഖ്യ | | | | | | 20,78,900 |
| | **ആകെ** | | | | | **1,46,01,000** | **1,46,01,000** |
| | | | | | | | |

# അറിയിപ്പ്

1. എസ്.എസ്.എൽ.സി. കഴിഞ്ഞ വിദ്യാർത്ഥികൾക്ക് മഹല്ല് കമ്മറ്റി നൽകി വരുന്ന സ്കോളർഷിപ്പിനുള്ള അപേക്ഷകൾ 15-07-2016 ന് മുമ്പ് മഹല്ല് കമ്മറ്റി ഓഫീസിൽ നൽകേണ്ടതാണ്. അപേക്ഷകർ അവസാനമെഴുതിയ പൊതുപരീക്ഷയുടെ മാർക്ക് ലിസ്റ്റും പഠിക്കുന്ന സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. കൂടാതെ അപേക്ഷകളിൽ കമ്മറ്റി മെമ്പറുടെ റിപ്പോർട്ടും രേഖപ്പെടുത്തി വാങ്ങേണ്ടതാണ്. **മഹല്ല് കമ്മറ്റി നടത്തി വരുന്ന സൺഡേ ക്ലാസിൽ മുടങ്ങാതെ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകിയാൽ മതിയെന്ന് കമ്മറ്റി തീരുമാനിച്ചിട്ടുള്ളതും ആയത് നിർബന്ധമായി നടപ്പിലാക്കി വരുന്നതാണെന്നും അറിയിക്കുന്നു.**

2. മഹല്ലിന്റെ വിദ്യാഭ്യാസ അവാർഡുകൾ 14.05.2016 ൽ കൂടുന്ന മഹല്ല് വാർഷിക പൊതുയോഗത്തിൽ വെച്ച് വിതരണം ചെയ്യുന്നതാണ്. എസ്. എസ്.എൽ.സി., പ്ലസ്ടു തുടങ്ങിയ കോഴ്സുകളിൽ മഹല്ലിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾ വിദ്യാഭ്യാസ അവാർഡിനായുള്ള അപേക്ഷകളും, മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഉൾപ്പെടെ 10.05.2016 ന് മുമ്പായി മഹല്ല് കമ്മറ്റി ഓഫീസിൽ നൽകേണ്ടതാണ്.

3. മഹല്ലിന്റെ സൗജന്യ സ്കൂൾ ട്യൂഷൻ 09-05-2016 മുതൽ ആരംഭിക്കുന്നതാണ്. താല്പര്യമുള്ള രക്ഷിതാക്കൾ മഹല്ല് കമ്മറ്റി ഓഫീസുമായി ബന്ധപ്പെട്ട് കുട്ടികളെ ക്ലാസ്സിലെത്തിക്കേണ്ടതാണ്.

4. മഹല്ല് പൊതുയോഗ തീരുമാനപ്രകാരമുള്ള വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്സുകൾ എല്ലാ രണ്ടാം ശനിയാഴ്ചകളിലും മ്യൂസിയം ഹാളിൽ നടന്നു വരുന്നുണ്ട്. 3 ക്ലാസുകളിലെങ്കിലും പങ്കെടുക്കാത്തവർക്ക് വിവാഹഫോറം, നൽകേണ്ടതില്ലെന്ന് മഹല്ല് പൊതുയോഗം തീരുമാനിച്ചിട്ടുണ്ട്. ബന്ധപ്പെട്ടവർ ക്ലാസുകളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

5. മഹല്ലിലേക്ക് നൽകുന്ന അപേക്ഷകൾക്ക് മുമ്പായി കുടശ്ശിക തീർത്തിരിക്കേണ്ടതാണ്.

6. സാമ്പത്തിക ഭദ്രതയുള്ള മഹല്ല് അംഗങ്ങളുടെ വീടുകളിൽ നടക്കുന്ന വിവാഹങ്ങൾക്കുള്ള അനുമതിപത്രം മഹല്ല് കമ്മറ്റി ഓഫീസിൽ നിന്നും വാങ്ങുന്ന മുറക്ക് മഹല്ല് പൊതുയോഗം നിശ്ചയിച്ചിട്ടുള്ളത് പ്രകാരം വിവാഹ സെസ്സ് കൂടി ഓഫീസിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്.

**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി, ചേരമാൻ മഹല്ല് കമ്മറ്റി

# THE FIRST JUMA MASJID IN INDIAN SUB CONTINENT



ചേരമാൻ പള്ളി

ചേരമാൻ ജുമാ മസ്ജിദ് 1940ൽ

## സൗദി രാജാവിനുള്ള സമ്മാനം കൊടുങ്ങല്ലൂർ മസ്ജിദ് മാതൃക



റിയാദ് • സൗദി ഭരണാധികാരി സൽമാൻ രാജാവിനു പ്രധാനമന്ത്രി നരേന്ദ്ര മോദി സമ്മാനിച്ചതു കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദിന്റെ സ്വർണം പൂശിയ മാതൃക. പ്രാചീന കാലം മുതലേയുള്ള ഇന്ത്യ- അറബ് ബന്ധത്തിന്റെ പ്രതീകമാണിതെന്നും പ്രധാനമന്ത്രിയുടെ ഓഫിസ് ട്വിറ്ററിൽ പറഞ്ഞു. ഇന്ത്യയിലെ ആദ്യ മസ്ജിദ് ആണു കൊടുങ്ങല്ലൂരിലേത്. അറബ് സഞ്ചാരികളുടെ സഹായത്തോടെ എഡി 629ലാണിതു നിർമിച്ചത്. ചേരമാൻ മസ്ജിദിനെക്കുറിച്ചും മക്കയിലെത്തി ഇസ്‌ലാം മതം സ്വീകരിച്ച അന്നത്തെ രാജാവ് ചേരമാൻ പെരുമാളിനെക്കുറിച്ചും സൽമാൻ രാജാവിനോടു മോദി വിശദീകരിക്കുകയും ചെയ്തു.

ചേരമാൻ ജുമാ മസ്ജിദിന്റെ ചെറിയ രൂപം
ഇന്ത്യൻ പ്രധാനമന്ത്രി സൗദി രാജാവിന് കൈമാറിയത്



ഇന്ത്യയിലെ ശ്രീലങ്കൻ ഹൈക്കമ്മീഷണർ
ചേരമാൻ ജുമാ മസ്ജിദിലെത്തിയപ്പോൾ



ചേരമാൻ ജുമാമസ്ജിദിന്റെ തപാൽ കവർ പ്രകാശനം ചെയ്യുന്നു.



ജസ്റ്റിസ് കമാൽ പാഷ നമ്മുടെ പി.എസ്.സി. ട്രെയിനിംഗ്
ക്ലാസിനെ അഭിസംബോധന ചെയ്ത് സംസാരിക്കുന്നു.



മഹല്ല് കമ്മിറ്റി സംഘടിപ്പിച്ച രക്തഗ്രൂപ്പ് നിർണ്ണയക്യാമ്പ്

# CHERAMAN JUMA MASJID

(THE FIRST JUMA MASJID IN INDIAN SUB CONTINENT)

Cheraman Nagar, Kodungallur - 680 664, Thrissur Dt., Kerala, India

Website : www.cheramanmosque.com | www.cheramanjumamasjid.com
E-mail : cheramanmasjid@gmail.com

Phone: 0480 - 280 3170, +91 82 89 84 3170